2024
ഫെബ്രുവരി
വാല്യം 17 | ലക്കം 2
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



**മെത്രാഭിഷേക സ്പെഷ്യൽ പതിപ്പ്**

# മെത്രാഭിഷേക കർമ്മം



കൈവയ്പ്പുകർമ്മം



തൈലാഭിഷേക-ശിരോലേപനം

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**2024 FEBRUARY** Registered Newspaper, Reg.No. KERMAL/2008/24745 **Vol. 17 • No.02**



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez M.A. Ph.D.**
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose B.A., B.Th.**
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


04 എഡിറ്റോറിയൽ

06 സർക്കുലർ

08 വിജയപുരം രൂപത : ചരിത്രവീഥിയിലൂടെ

12 വിജയപുരം രൂപതാ സഹായ മെത്രാൻ റൈറ്റ് റവ. ഡോക്ടർ ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിലിന്റെ ജീവചരിത്ര വഴികളിലൂടെ...

14 CSST-യുടെ കൊച്ചുമകൻ വിജയപുരം രൂപതയുടെ സഹായമെത്രാൻ

16 The song of God that touch the world with love

18 മോൺ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിൽ ബാല്യകാല സുഹൃത്തിന്റെ ഓർമ്മക്കുറിപ്പുകൾ

20 സൗമ്യതയുടെ ഇടയമുഖം

22 പരി. വിമലഗിരി മാതാവിന്റെ തിരുസ്വരൂപ പ്രയാണവും അഭി. മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിലും

24 ഇടയമൊഴി...

25 സ്ഥാനിക ചിഹ്നത്തിന്റെ വിവരണം

27 വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അഭി. പിതാവും പ്രളയകാലത്ത്

28 അഭിമുഖം: ജസ്റ്റിൻ പിതാവിന്റെ അജപാലന ദർശനങ്ങൾ

32 അമ്മ വിളക്ക്



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial

# വിജയപുരം രൂപതയുടെ പ്രഥമ സഹായമെത്രാൻ

# അഭിവന്ദ്യ ജസ്റ്റിൻ പിതാവിന്

## ആദരവോടെ ആശംസകൾ നേരുന്നു

വിജയപുരത്തിന്റെ വിമലഗിരി കത്തീഡ്രലിൽ വച്ച് 2024 ജനുവരി 13-ാം തീയതി വൈകിട്ട് 4.30ന് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് വത്തിക്കാനോടൊപ്പം നടത്തിയ വിളംബരം വിജയപുരം രൂപതയ്ക്ക് മുഴുവൻ വലിയ സന്തോഷമേകുന്ന സദ്‌വാർത്തയായിരുന്നു. രൂപതാ വികാരി ജനറാളായ അഭിവന്ദ്യ മോൺസിഞ്ഞോർ ജസ്റ്റിൻ മഠത്തിൽപറമ്പിലിനെ രൂപതയുടെ ആദ്യത്തെ സഹായമെത്രാനായി തിരുസിംഹാസനത്തിൽ നിന്ന് നിയമിച്ച കാര്യമാണ് അന്ന് അവിടെ വിളംബരം ചെയ്യപ്പെട്ടത്. അഞ്ചു ജില്ലകളിലായി (കോട്ടയം, ഇടുക്കി ജില്ലകൾ പൂർണ്ണമായും എറണാകുളം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ ഭാഗികമായും) വ്യാപിച്ചു കിടക്കുന്ന വിശാലമായ വിജയപുരം രൂപതയെ ഭരിക്കാനും നയിക്കാനുമായി രൂപതാധ്യക്ഷന് വലിയ ആശ്വാസമായി ആ വിളംബരം.

വൈദികപട്ടം കിട്ടിയ നാൾമുതൽ അല്ല, ജനനം മുതലേ ശ്രദ്ധേയനായിരുന്നു കുടുംബത്തിലെ ഏക സന്തതിയായിരുന്ന ജസ്റ്റിനച്ചൻ. മൂന്നാറിൽ സഹവികാരിയായും ഗൂഡാർലെ, ഇടുക്കി ഇടവകകളിൽ വികാരിയായും സ്തുത്യർഹമായ രീതിയിൽ സേവനമനുഷ്ഠിച്ചശേഷം ഉപരിപഠനം നടത്താനും ഇറ്റലിയിൽ പ്രാത്തോയിലെ ഇടവകയിൽ ശുശ്രൂഷിക്കാനും അയയ്ക്കപ്പെട്ട അദ്ദേഹം ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി നാട്ടിൽ തിരിച്ചെത്തിയപ്പോൾ വിജയപുരം രൂപതയുടെ വികാരി ജനറാളായി നിയമിക്കപ്പെട്ടു. സ്തുത്യർഹമായിരുന്നു വികാരി ജനറാൾ എന്ന നിലയിൽ അദ്ദേഹത്തിന്റെ ശുശ്രൂഷ. ദിവ്യ മാതാവ് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി 2017-ൽ വിമലഗിരി മാതാവിന്റെ തിരുസ്വരൂപവും വഹിച്ചുനടത്തിയ രൂപതാ പ്രയാണത്തിന് നേതൃത്വമേകിയത് അദ്ദേഹമാണ്. പ്രയാണം ഓരോ ഇടവകയിലും എത്തിയപ്പോൾ ദിവ്യബലിക്ക് മുഖ്യ കാർമ്മികത്വം വഹിച്ചതും അദ്ദേഹം തന്നെ. അങ്ങനെ രൂപതയിലാകമാനം പോകുവാനും എല്ലാ ഇടവകകളും സന്ദർശിക്കാനും ജനങ്ങളെ അടുത്തറിയാനും അദ്ദേഹത്തിനു സാധിച്ചു.





അതുപോലെ 2018-ലെ മഹാപ്രളയത്തിൽ കെടുതികളനുഭവിച്ചവർക്ക് ആശ്വാസമേകാൻ കടന്നുചെന്ന രൂപതയിലെ സന്നദ്ധപ്രവർത്തകർക്ക് സ്തുത്യർഹമായ നേതൃത്വം നൽകിയതും അദ്ദേഹം തന്നെ. അതുപോലെ രൂപതയെയും രൂപതാജനങ്ങളെയും സ്നേഹത്തിൽ അറിഞ്ഞ് രൂപതയുടെ എല്ലാത്തരത്തിലും എല്ലാതലങ്ങളിലും വിമോചനവും വികസനവും വളർച്ചയും വരുത്താൻ അദ്ദേഹം അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിനോടു ചേർന്ന് അക്ഷീണം പരിശ്രമിച്ചു. രൂപതയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ അദ്ദേഹം ചുക്കാൻ പിടിച്ചു.

"അപരനെ സ്നേഹത്തിൽ കണ്ടുമുട്ടുക." എന്ന ആപ്തവാക്യത്തോടെ സഹായമെത്രാൻ പദവി ഏറ്റെടുക്കുന്ന അദ്ദേഹം ചെറുപ്പംമുതലേ ഏവർക്കും കണ്ണിലുണ്ണിയായിരുന്നു. 2024 ഫെബ്രുവരി 12-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് വിമലഗിരി കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിനാൽ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു. നമുക്കെല്ലാം സ്നേഹത്തിൽ ഒരുമിച്ചുകൂടി ദൈവത്തെ സ്തുതിക്കുകയും അവിടുത്തേക്ക് കൃതജ്ഞതയർപ്പിക്കുകയും ചെയ്യാം. അഭിവന്ദ്യ ജസ്റ്റിൻ പിതാവിനെ അഭിഷേകത്താൽ നിറച്ച് അനുഗ്രഹിക്കാനും എല്പിക്കപ്പെടുന്ന ദൗത്യങ്ങളെല്ലാം ഏറ്റം നന്നായി നിറവേറ്റി ദൈവത്തെ മഹത്വപ്പെടുത്താനും ജനങ്ങൾക്കെല്ലാം അനുഗ്രഹം പകരാനും വേണ്ട ശക്തിയാൽ നിറയ്ക്കാനും ദൈവത്തോടു ഹൃദയം തുറന്ന് പ്രാർഥിക്കാം. ദൈവം എന്നും അദ്ദേഹത്തെ എല്ലാ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുകയും പരിപാലിക്കുകയും വഴി നടത്തുകയും ചെയ്യാൻ ദൈവമാതാവിനോടും വിശുദ്ധ യൗസേപ്പിതാവിനോടും വിശുദ്ധ ജസ്റ്റിനോടും മധ്യസ്ഥ്യം തേടി നമുക്ക് അപേക്ഷിക്കുകയും ചെയ്യാം.

അഭിവന്ദ്യ ജസ്റ്റിൻ പിതാവിന് 'വിജയപുരദൂതി'ന്റെ ആശംസകളും പ്രാർഥനകളും ഏറ്റം ആദരവോടെ ഹൃദയപൂർവ്വം നേരുന്നു.

•••

Diocese of Vijayapuram
# CIRCULAR LETTER
Vol. XVIII • No.1 • January 2024


ക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,
ബഹു. സന്യസ്തരേ, വൈദികരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

## സന്തോഷത്തിന്റെ സുന്ദരമായ നിമിഷം

നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും അധികം സന്തോഷം പ്രദാനം ചെയ്ത സുദിനമായിരുന്നല്ലോ 2024 ജനുവരി 13. അന്നേ ദിവസം വൈകുന്നേരം 4.30 ന് ദൈവപരിപലനയാലും പരിശുദ്ധ വിമലഗിരി മാതാവിന്റെ കൃപാകടാക്ഷത്താലും നമ്മുടെ പ. പിതാവ് ഫ്രാൻസിസ് പാപ്പ, മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ അച്ചനെ നമുക്ക് സഹായ മെത്രാനായി നിയോഗിച്ചു. ഈ വാർത്ത ശ്രവിക്കാനായി വിമലഗിരി മാതാവിന്റെ സന്നിധാനത്തിലെത്തി നിയുക്ത മെത്രാനെ അഭിനന്ദിക്കാനും ആശിർവ്വാദം സ്വീകരിക്കാനും സന്മനസ്സ് കാണിച്ച ഏവരോടുമുള്ള നന്ദി ഇത്തരുണത്തിൽ ഞാൻ പ്രകാശിപ്പിക്കുന്നു. നമ്മുടെ രൂപതയുടെ ആവശ്യമറിഞ്ഞു നമ്മെ നിത്യം പരിപാലിക്കുന്ന ത്രീത്വൈക ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യാം. പ്രഖ്യാപനത്തെ തുടർന്ന് രൂപതയിലെ വിവിധ ഭരണസംവിധാനങ്ങളിൽപ്പെട്ട അംഗങ്ങളുമായി ആലോചിച്ചതിൻ പ്രകാരം ഫെബ്രുവരി മാസം 12 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പട്ടാഭിഷേക ശുശ്രൂഷ നമ്മുടെ ഭദ്രാസന ദൈവാലയമായ വിമലഗിരിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ച വിവരം ഏവരെയും സസന്തോഷം അറിയിക്കുന്നു. ഏറ്റവും പരിശുദ്ധവും അതിമനോഹരവുമായ മെത്രാഭിഷേക കർമ്മങ്ങൾ ഫലപ്രദമായി നടത്തുന്നതിന് മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ ജനറൽ കൺവീനറായും മോൺ. ജോസ് നവസും ശ്രീ. സാജു ജോസഫും ജോയിന്റ് കൺവീനർമാരായും നിയോഗിക്കപ്പെടുകയും അവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മറ്റികൾ ഒരുക്കങ്ങൾ ആരംഭിക്കുകയും ചെയ്തു. എല്ലാം നന്നായി ഭവിക്കാൻ ഏവരുടെയും ആത്മാർത്ഥമായ പ്രാർഥന ഏറെ താല്പര്യത്തോടെ ഞാൻ അഭ്യർഥിക്കുന്നു.

നമ്മുടെ സവിശേഷമായ ശ്രദ്ധയ്ക്ക് ചില കാര്യങ്ങൾ കുറിക്കുന്നു.

1. നമുക്ക് അനുഗ്രഹമായി ലഭിച്ച നിയുക്ത മെത്രാൻ ജസ്റ്റിൻ പിതാവിനു വേണ്ടി നാം നിത്യവും പ്രാർഥിക്കാം. പ്രത്യേകിച്ചു മെത്രാഭിഷേക കർമ്മത്തിന്റെ വിജയത്തിനായുള്ള പ്രാർഥന നമ്മുടെ എല്ലാ കുടുംബങ്ങളിലും കൂട്ടായ്മകളിലും സ്ഥാപനങ്ങളിലും ഇടവകകളിലും ചൊല്ലുവാൻ പരിശ്രമിക്കണം.
2. സാമ്പത്തിക ചിലവുകൾ വഹിക്കുന്നതിനായി രൂപതാ മക്കളുടെ സഹകരണം പ്രതീക്ഷിക്കുന്നു. വ്യക്തിപരമായ സംഭാവനകൾക്കു പുറമെ, ഒരു ഞായറാഴ്ചത്തെ സ്തോത്രകാഴ്ച ഈ ഉദ്ദേശത്തിനായി എടുത്തു കൂരിയായിൽ ഏല്പിക്കുവാൻ ബഹു. വികാരി അച്ചന്മാർ താല്പര്യമെടുക്കുമല്ലോ.
3. കത്തീഡ്രലിനുള്ളിൽ വച്ചു കർമ്മങ്ങൾ നടക്കുമ്പോൾ എല്ലാവർക്കും അകത്തു സ്ഥലം തികയുകയില്ലല്ലോ. എല്ലാവർക്കും സജീവമായി പങ്കെടുക്കത്തക്കവിധം പന്തലുകൾ തയ്യാറാക്കുന്നതാണ്. വോളന്റിയേഴ്സിന്റെ നിർദ്ദേശങ്ങൾ സ്നേഹപൂർവ്വം സ്വീകരിക്കണമെ.
4. രൂപതാ മക്കളായ നമ്മളെല്ലാവരും അതിശ്രേഷ്ഠമായ ഈ തിരുക്കർമങ്ങളിൽ പങ്കെടുക്കണമെന്നാണ് എന്റെ ആഗ്രഹം. ഏവരെയും സ്നേഹപുരസരം ക്ഷണിച്ചുകൊള്ളുന്നു. അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഓരോ ഇടവകയിലും സ്ഥാപനങ്ങളിലും നിന്ന് വരുന്നവരുടെ എണ്ണം മുൻകൂട്ടി അറിയിക്കുവാൻ ബന്ധപ്പെട്ടവർ ശുഷ്കാന്തി കാട്ടുമല്ലോ.





ഈശോയിൽ പ്രിയപ്പെട്ട സഹോദരരേ, സങ്കീർത്തകനോടൊപ്പം നമുക്ക് ഏറ്റുചൊല്ലാം. 'കർത്താവ് ഒരുക്കിയ ദിവസമാണിന്ന്, ഇന്ന് സന്തോഷിച്ചു ഉല്ലസിക്കാം' (സങ്കീ. 118/24). നമ്മുടെ സന്തോഷം വർദ്ധിക്കുന്നതിനായി നാം പ്രാർഥിക്കണമെന്ന് ഈശോ ഉപദേശിക്കുന്നുണ്ടല്ലോ. 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്കു നൽകും. ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും തന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും. അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും. ' (യോഹ. 16/23-24). നമുക്ക് ഒത്തുചേരാം, ഒരുമിച്ചു പ്രാർഥിക്കാം, കർത്താവിൽ ആനന്ദിക്കാം.

മെത്രാഭിഷേക സുദിനത്തിൽ കാണാമെന്ന പ്രത്യാശയോടെ നിങ്ങളെ ഏവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിച്ചുകൊള്ളുന്നു.

കോട്ടയം
19-01-2024

**† സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
വിജയപുരം മെത്രാൻ

1. അഭി. ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക ചടങ്ങിനോടനുബന്ധിച്ച് 21-01-2024 ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കുവാൻ പുറപ്പെടുവിച്ച സർക്കുലർ.



# വിജയപുരം രൂപത :
# ചരിത്രവീഥിയിലൂടെ

അഞ്ചു ജില്ലകളിലായി 8999 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന വിജയപുരം രൂപത കേരളത്തിലെ ഏറ്റവും വലിയ കത്തോലിക്കാ രൂപതകളിൽ ഒന്നാണ്. തെക്കേ ഇന്ത്യയിലെ ഏറ്റവും താഴ്ന്ന പ്രദേശവും ഏറ്റവും ഉയർന്ന പ്രദേശവും ഈ രൂപതയിലാണ്. വിജയപുരം രൂപതയുടെ ചരിത്രം ഹൈറേഞ്ചിലെ ക്രൈസ്തവരുടെ ചരിത്രം കൂടിയാണ് വ്യത്യസ്ത രൂപതകളിലെ വൈദിക രുടെയും സന്ന്യാസിനി-സന്ന്യാസികളുടെയും അല്മായരുടെയും ശുശ്രൂഷകൾ ഈ രൂപതയു ടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും കാരണമായിട്ടുണ്ട്.


## വിജയപുരം രൂപതയുടെ ആരംഭം:

18-ാം നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടി കൊച്ചിയിൽ നിന്ന് ആളുകൾ വൈശ്യംഭാഗത്തു വന്ന് താമസിച്ചു തുടങ്ങിയതോടു കൂടെ, ഈ രൂപതയുടെ ചരിത്രം തുടങ്ങി. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കൊല്ലം രൂപതയിൽ നിന്നും മാരമൺ, റാന്നി, തിരുവല്ല, വനവാതുക്കര, ചങ്ങനാശ്ശേരി എന്നീ പ്രദേശങ്ങളിൽ ആളുകളെത്തി. മറ്റൊരു പ്രധാന കുടിയേറ്റം നടക്കുന്നത് 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ്. കൃഷിപ്പണികൾക്കും തോട്ടംമേഖലയിലെ ജോലികൾക്കുമായി വരാപ്പുഴ, കൊച്ചി എന്നീ രൂപതകളിൽ നിന്നും തമിഴ്നാട്ടിലെ വിവിധ രൂപതകളിൽ നിന്നും മൂന്നാർ, പീരുമേട് മേഖലകളിൽ അനേകർ കുടിയേറിപ്പാർത്തു. കുടിയേറ്റക്കാരുടെ വിശ്വാസം നിലനിർത്താനും വളർത്താനും വരാപ്പുഴ അതിരൂപതയിൽ നിന്നു മിഷണറി വൈദികർ കടന്നു വന്ന് ആത്മീയ ആവശ്യങ്ങൾ നിറവേറ്റി.



## വിജയപുരം രൂപതയുടെ സ്രഷ്ടാക്കൾ :

വിജയപുരം രൂപതയുടെ പ്രരംഭനേതാക്കളിൽ പ്രഥമസ്ഥാനം ബ്രദർ റോക്കി പാലയ്ക്കൽ റ്റി.ഒ.സി.ഡി.ക്കാണ്. 1867-ൽ തിരുസഭാവസ്ത്രം സ്വീകരിച്ച ബ്രദർ റോക്കി 1873-ൽ പ്രഥമ വ്രതവാഗ്ദാനം നടത്തി. 1880-ൽ വരാപ്പുഴ മെത്രാപ്പോലീത്താ ഡോ, മാർസലീൻ OCD ബ്രദർ റോക്കിയെ കോട്ടയം മിഷനിൽ പ്രേഷിതപ്രവർത്തനത്തിനായി അയച്ചു. കോട്ടയം, തെള്ളകം, വടവാതൂർ, വേളൂർ, നാട്ടകം, കുറിച്ചി, പട്ടിത്താനം, ചെങ്ങളം, കുമരകം എന്നീ പ്രദേശങ്ങളിൽ തീക്ഷ്ണമായി പ്രവർത്തിച്ചതിന്റെ ഫലമായി കോട്ടയം മിഷനിൽ അനേകർ വിശ്വാസം സ്വീകരിച്ചു. 1927-ൽ ഒക്ടോബർ 29-ാം തീയതി നിത്യ സമ്മാനം നേടാനായി അദ്ദേഹം കർത്താവിന്റെ സന്നിധിയിലേക്കു പോയി. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കോട്ടയം മേഖലയിൽ ബ്രദർ റോക്കിയുടെ പ്രേഷിത പ്രവർത്തന ഫലമായി വലിയൊരു വിശ്വാസിസംഘം രൂപവത്കൃതമായി.



അഭിവന്ദ്യ പിതാക്കൻമാരായ ലെയോനാർദ് മെല്ലാനോ മെത്രാപ്പോലീത്തയും ബെർണാർദ് മെത്രാപ്പോലീത്തയും വിജയപുരം രൂപതയ്ക്ക് അടിസ്ഥാനമിടുകയും ഈ രൂപതയ്ക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ക്രമവത്കരിക്കുന്നതിന് ആരംഭം കുറിക്കുകയും ചെയ്തു. ഇവരുടെ പ്രവർത്തന കാലഘട്ടത്തിൽ കോട്ടയം മിഷനിൽ 16 മിഷൻ സ്റ്റേഷനുകളിലായി 11438 വ്യക്തികൾ

വിശ്വാസം സ്വീകരിച്ചു. എയ്ഞ്ചൽ മേരി മെത്രാപ്പോലീത്ത 1919-ൽ വരാപ്പുഴ അതിരൂപതയുടെ അധ്യക്ഷനായി. 1927-ൽ അദ്ദേഹം വരാപ്പുഴ രൂപതയെ, എറണാകുളം കേന്ദ്രമാക്കിയുള്ള വടക്കേ ഭാഗവും കോട്ടയം കേന്ദ്രമാക്കിയുള്ള തെക്കേ ഭാഗവുമായി വിഭജിച്ചു. തെക്കേ ഭാഗത്തിന്റെ (കോട്ടയം) വികാരി ജനറാൾ ആയി ബൊനവന്തൂര അരാനായെ നിയമിച്ചു. അദ്ദേഹത്തിന്റെ കാലത്ത് പുതിയ പത്ത് മിഷൻ സ്റ്റേഷനുകൾ ആരംഭിക്കുകയും 17000 വ്യക്തികളെ മാനസാന്തരപ്പെടുകയും ചെയ്തു.

## വിജയപുരം രൂപതയുടെ വിജയശില്പികൾ :

### ബൊനവന്തൂര അരാനാ പിതാവ് (1930-1950)

1930 ഓഗസ്റ്റ് 5-ന് അഭിവന്ദ്യ ബൊനവന്തൂര അരാനാ പിതാവ് വിജയപുരം രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കായി നിയമിതനായി. 1930 നവംബർ 9-ാം തീയതി ആദ് ക്രിസ്റ്റിനോമൻ' എന്ന ബൂളയിലൂടെ ( ജൂലൈ 4) പിയൂസ് XI -ാമൻ പാപ്പാ വിജയപുരം രൂപതയ്ക്ക് ജന്മം നല്കി. 1931 മാർച്ച് 31-ന് ബൊനവന്തുര പിതാവ് വിജയപുരം രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനാവുകയും ജൂൺ 29-ാം തീയതി അഭിഷിക്തനാവുകയും ചെയ്തു.



വിജയപുരം രൂപതയുടെ ശില്പി അരാനാ പിതാവാണ് എന്നു പറയുന്നതിൽ തെറ്റില്ല. പിതാവിന്റെ പ്രഥമ ലക്ഷ്യം ആത്മാക്കളുടെ രക്ഷയായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് രൂപത അത്ഭുതകരമായ വളർച്ചയാണു നേടിയത്. സെൻറ് ജോസഫ് ഹോം എന്ന പേരിൽ രൂപതയ്ക്ക് ഒരു സെമിനാരി ഉണ്ടായി. രൂപതയിൽ ശുശ്രൂഷിക്കുന്ന വൈദികരുടെ എണ്ണം 18-ൽ നിന്ന് 42 ആയി ഉയർന്നു. വിശ്വാസികളുടെ എണ്ണം 28,993-ൽ നിന്ന് 55203 ആയി വർധിച്ചു. അജപാലന ശുശ്രൂഷയിൽ വലിയ സ്വാധീനം ചെലുത്തിയിരുന്ന അദ്ദേഹം വൈദികരുടെ ആണ്ടുതോറുമുള്ള ഭവന സന്ദർശനവും കുടുംബയൂണിറ്റ് പ്രാർഥനയും കുടുംബ പ്രാർഥനയും കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി പ്രത്യേക മതബോധനവും നിർബന്ധമാക്കി. രൂപതയ്ക്കു പുറത്തു പഠിക്കുന്നവർക്കായി അവധിക്കാല മതബോധനവും വിവാഹത്തിനു ഒരുക്കമായി പ്രത്യേക മതബോധനവും നല്കി. 1946-ൽ രൂപതാ ഭരണത്തിൽ നിന്നു രാജി വച്ചെങ്കിലും 1950 വരെ രൂപതാ അഡ്മിനിസ്ട്രേറ്റർ ആയി തുടർന്നു. 1958 മാർച്ച് 26-ന് ആ നല്ല ഇടയൻ കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹത്തിന്റെ ഭൗതികശരീരം കോട്ടയം നല്ല ഇടയൻ ദൈവാലയത്തിൽ സംസ്കരിച്ചു.

### അംബ്രോസ് അബസോളോ പിതാവ് (1950-1971)

അംബ്രോസ് പിതാവിന്റെ ഹിതത്തിനു വിപരീതമായാണ് 1949-ൽ ക്രിസ്തുമസ് ദിനത്തിൽ വിജയപുരം രൂപതയുടെ ദ്വിതീയ മെത്രാനായി അദ്ദേഹത്തെ തിരഞ്ഞെടുത്തത്. 1950 ജൂൺ മാസം ഒന്നാം തീയതി ബിൽബാവോയിലെ 'കർമേലോ ദേബെഗോ' എന്ന കർമലീത്ത ആശ്രമത്തിൽ വച്ച് അദ്ദേഹം മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ ഇരുപതു വർഷത്തെ ഭരണകാലം രൂപതയുടെ സമഗ്രമായ വളർച്ചയ്ക്കു കാരണമായി. അദ്ദേഹം മലയാള ഭാഷ പഠിക്കുകയും ഇടവക സന്ദർശനവേളയിൽ മാതൃഭാഷയിൽ തദ്ദേശീയരോടു സംസാരിക്കുകയും ചെയ്തു.



അദ്ദേഹത്തിന്റെ ഭരണകാലത്ത് പുതിയ 18 കന്യകാമഠങ്ങളും 2 സന്ന്യാസി ആശ്രമങ്ങളും ആരംഭിച്ചു. 'വിദ്യ കൊണ്ടു പ്രബുദ്ധരാക്കുക' എന്ന ലക്ഷ്യത്തോടെ 11 ഹൈസ്കൂളുകളും 6 UP സ്കൂളുകളും 24 L.P. സ്കൂളുകളും ഒരു ട്രെയിനിംഗ് സ്കൂളും സ്ഥാപിച്ചു. ഈ കാലയളവിൽ വിശ്വാസികളുടെ എണ്ണം 67,495 ഉം ഇടവകകളുടെ എണ്ണം 59-ഉം ഇടവക വൈദികരുടെ എണ്ണം 74- ഉം സന്ന്യാസിനികളുടെ എണ്ണം 101- ഉം ആയി ഉയർന്നു. അദ്ദേഹത്തിന്റെ പ്രൗഢഗംഭീരമായ ഇടയലേഖനങ്ങൾ വിശ്വാസികൾക്ക് വലിയ മാർഗദർശകമായിരുന്നു.

അംബ്രോസ് പിതാവിന്റെ ഓർമ മായാതെ നിലനിർത്തുന്ന നിത്യസ്മാരകമാണ് വിമലഗിരി കത്തീഡ്രൽ. അതിന്റെ നിർമാണം 1956-നു

ആരംഭിച്ച് 1964 മാർച്ച് 15-ന് പൂർത്തിയാക്കി. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ, 1961-ൽ അംബ്രോസ് പിതാവ് വിജയപുരം രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റി സ്ഥാപിച്ചു. 1971 ഏപ്രിൽ 20-ന് രൂപതയുടെ ഭരണം തന്റെ പിൻഗാമിയെ ഏല്പിച്ചിട്ട് സ്വന്തം നാട്ടിലേക്കു പോവുകയും അവിടെ പ്രാർഥനയിൽ ശിഷ്ടകാലം ചെലവഴിക്കുകയും ചെയ്തു. 1982 ജനുവരി 10-ന് അദ്ദേഹം സ്വർഗപിതാവിന്റെ പക്കലേക്ക് യാത്രയായി.

## കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് (1971-1987)

വിജയപുരം രൂപതയുടെ ആദ്യത്തെ തദ്ദേശീയ മെത്രാനായ കൊർണേലിയൂസ് പിതാവ് 1971 ഏപ്രിൽ 4-ന് എറണാകുളത്തു വച്ച് മെത്രാനായി അഭിഷിക്തനായി. ബഹുഭാഷ പണ്ഡിതനായ അദ്ദേഹം തന്റെ വാക്കുകൾ വളരെ സൂക്ഷ്മതയോടെ ഉപയോഗിച്ച വാഗ്മി ആയിരുന്നു. രൂപതയിൽ നിന്ന് വിശുദ്ധരായ അനേകം ദൈവവിളികൾ ഉണ്ടാകണമെന്നും അവർക്ക് മികച്ച രൂപവത്കരണം ലഭിക്കണമെന്നുമുള്ള ആഗ്രഹത്താൽ കീഴ്കുന്നിൽ ഇൻഫന്റ് ജീസസ് മൈനർ സെമിനാരി സ്ഥാപിച്ചു. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരെ മുഖ്യധാരയിൽ കൊണ്ടുവരണമെന്ന തീരുമാനത്തിന്റെ വെളിച്ചത്തിൽ, മിനി ഇൻഡസ്ട്രിയൽ, തയ്യൽ പരിശീലന കേന്ദ്രം, കരകൗശലവസ്തുക്കൾ എന്നിവയുടെ ഉത്പാദനത്തിലൂടെ സ്ത്രീകളുടെ ശക്തീകരണത്തിനായി നിരന്തരം പരിശ്രമിച്ചു. സ്വന്തമായി ഭവനമില്ലാതെ വേദനിച്ച അനേകർക്കായി ഭവന പദ്ധതി ആവിഷ്കരിച്ചു. പിതാവിന്റെ ഭരണകാലത്ത് സോഷ്യൽ സർവീസ് സൊസൈറ്റി നൂതനമായ പല പദ്ധതികളിലൂടെയും കേരളത്തിലെ എല്ലാ രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾക്കും മാതൃക നല്കി. 1987 മാർച്ച് 19-ന് അഭിവന്ദ്യ കൊർണേലിയൂസ് പിതാവ് വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി സ്ഥാനം ഏറ്റെടുത്തു.



## പീറ്റർ തുരുത്തിക്കോണം പിതാവ് (1988-2000):

വിജയപുരം രൂപതയുടെ സന്താനമായ ആദ്യത്തെ മെത്രാനാണ് പീറ്റർ പിതാവ്. 1988 മെയ് 21-ന് അദ്ദേഹം മെത്രാനായി നിയമിതനായി. 1988-ൽ ഓഗസ്റ്റ് 4-ന് വിജയപുരം രൂപതയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. ഇടവകയിലും ബിഷപ് ഹൗസിലും സ്തുത്യർഹമായ രീതിയിൽ സേവനം ചെയ്ത് ആർജിച്ചെടുത്ത അനുഭവത്തിന്റെ വെളിച്ചത്തിൽ പ്രയോഗികവും നൂതനവുമായ പദ്ധതികൾ അദ്ദേഹം ആവിഷ്കരിച്ചു. പരന്നു കിടക്കുന്ന രൂപതയിലെ വൈദികരെ ത്രൈമാസ സമ്മേളനത്തിലൂടെ ഒരുമിച്ചുചേർത്ത് സംവാദം നടത്തി മികച്ച ആശയങ്ങൾ രൂപപ്പെടുത്തുകയും യാഥാർഥ്യമാക്കുകയും ചെയ്തു. ഏവരും രൂപതയെ അറിയണമെന്ന ആഗ്രഹത്തോടെ വിജയവാണി എന്ന രൂപതാ ബുള്ളറ്റിന് 1989-ൽ രൂപം നല്കി.



രൂപതയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ദൈവാലയങ്ങളും വൈദിക വസതികളും പ്രീസ്റ്റ് ഹോമും പാസ്റ്ററൽ സെന്ററും നവീകരിച്ചു. വിശ്വാസികളുടെ ആത്മീയ ജീവിതം കൂടുതൽ ഫലപ്രദമാക്കാൻ 11 പുതിയ ഇടവകകൾ സ്ഥാപിച്ചു. രൂപതയിൽ നിന്ന് അനേകം സന്യാസിനികൾ ഉയർന്നുവന്ന് രൂപതയുടെ നിർമാണപ്രവർത്തനത്തിൽ സജീവമായി പങ്കുചേരണമെന്ന ആഗ്രഹത്തോടെ 1993 ജൂൺ 29-ന് വിമലഹൃദയ പുത്രിമാർ എന്ന സന്യാസിനീസമൂഹത്തിന് രൂപം നല്കി. രൂപതയുടെ സമഗ്രമായ വളർച്ച ലക്ഷ്യംവച്ച് രൂപതാ സിനഡ് ആരംഭിക്കുകയും മുൻഗണനക്രമത്തിൽ നടത്തേണ്ട നൂറിന പരിപാടികൾ തീരുമാനിക്കുകയും ചെയ്തു. രൂപതയിലെ കുട്ടികൾക്ക് നേഴ്സിങ് പഠിക്കാനുള്ള അവസരം ലഭിക്കാൻ മുക്കൂട്ടുതറയിൽ ആശുപത്രിയും നേഴ്സിങ് കോളേജും സ്ഥാപിച്ചു. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസത്തിനു അവസരം ഉണ്ടാകണമെന്ന ആഗ്രഹത്തോടെ രൂപതയ്ക്കു വേണ്ടി ഹയർ സെക്കന്ററി സ്കൂളുകളും സിവിൽ സർവീസ് അക്കാദമിയും സ്ഥാപിച്ചു.



2006-ൽ രൂപതാ ഭരണത്തിൽ നിന്നു മാറി വിശ്രമ ജീവിതം ആരംഭിച്ചു. 2011-ൽ സെപ്റ്റംബർ മാസം 5-ാം തീയതി അഭിവന്ദ്യ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു.

## സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ പിതാവ് (2006-)

2006 മെയ് 18-ന് അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് വിജയപുരം രൂപതയുടെ അധ്യക്ഷനായി നിയമിതനായി. ജൂലൈ 2ന് വിജയപുരം രൂപതയുടെ അഞ്ചാമത്തെ മെത്രാനായി സ്ഥാനാരോഹണം ചെയ്ത അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ അസാമാന്യമായ നേതൃത്വപാടവത്തിൻ കീഴിൽ വിശ്വാസത്തിന്റേയും പ്രശസ്തിയുടേയും വികസനത്തിന്റേയും വിപ്ലവകരമായ പന്ഥാവിലൂടെ രൂപത വളർന്നു. ബിഷപ്പ് സെക്രട്ടറി, വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ, ചാൻസലർ, വികാരി ജനറൽ എന്നീ ചുമതലകൾ നിർവഹിച്ചപ്പോഴുണ്ടായ അനുഭവസമ്പത്തുമായി രൂപതയുടെ സാരഥ്യം ഏറ്റെടുത്ത പിതാവ് വിജയപുരം രൂപതയുടെ ഖ്യാതി ആഗോളതലം വരെ ഉയർത്തി. 2018-ൽ റോമിൽ നടന്ന 33-ാംആഗോള യുവജന സിനഡിൽ ഭാരത സഭയ്ക്കു വേണ്ടി സംസാരിച്ചുകൊണ്ട് ലോകശ്രദ്ധയിലേക്ക് വിജയപുരം രൂപതയെ എത്തിച്ചു. CBCI , KCBC , KRLCBC എന്നീ മെത്രാൻ സംഘങ്ങളിലെ വിവിധ സ്ഥാനമാനങ്ങളിലൂടെ കഴിഞ്ഞ കാലഘട്ടങ്ങളിലുള്ളതിനേക്കാൾ സഭയിൽ നമ്മുടെ രൂപതയെ പ്രാമുഖ്യം ഉള്ളതാക്കി മാറ്റി.



പഠിക്കാൻ ആഗ്രഹിക്കുന്ന ഒരു കുഞ്ഞ് സ്വസ്ഥമായിരുന്നു പഠിക്കാൻ ഇടമില്ലാത്തതിനാൽ പിന്നോക്കം പോകരുത് എന്നും വീടും പഠനവും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം മുന്നനുഭവങ്ങളിലൂടെ അറിഞ്ഞതുകൊണ്ടും "കുടിൽ രഹിത രൂപത" എന്ന വലിയ സ്വപ്നം അദ്ദേഹം കണ്ടു. 850-ൽ പരം വീടുകൾ കൂടിൽ രഹിത രൂപത എന്ന പദ്ധതിയുടെ കീഴിൽ നിർമിക്കുവാനായി.

വിദ്യാഭ്യാസ രംഗത്തെ വളർച്ച കൈവരിക്കണമെന്ന ചിന്തയുടെ ഭാഗമായി രൂപതാ മക്കളുടെ,വിശിഷ്യാ ആൺകുട്ടികളുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ചീന്തലാർ, ചിന്നക്കനാൽ, കോട്ടയം എന്നിവിടങ്ങളിൽ ആരംഭിച്ച ബോയ്സ് ഹോസ്റ്റലുകൾ ഏറെ പാവങ്ങളെ അറിവിന്റെ അക്ഷര മുറ്റത്ത് പിടിച്ചുനിർത്തുന്നതിന് ഉപകരിച്ചു. Centre of Excellece വിദ്യാഭ്യാസപരമായ ഉയർച്ച എന്ന സ്വപ്നത്തെ കൂടുതൽ സജീവമാക്കി.

സാമ്പത്തിക സ്വയം പര്യാപ്തതയാണ് രൂപതയുടെ വികസനത്തിന്റെ പ്രധാന മാർഗമെന്ന വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ നിർമിച്ച അനിമേഷൻ സെന്ററുകൾ, ദൈവാലയം, ദൈവാലയ അനുബന്ധ സ്ഥാപനങ്ങൾ, മൂന്നാർ കാർമൽ ടോപ്പ്, കുട്ടിക്കാനം സ്പിരിച്വാലിറ്റി സെൻറർ, തോപ്രാംകുടി കർമേലൂസ് സെമിനാരി, വണ്ടിപ്പെരിയാർ ആരാമം ആനിമേഷൻ സെന്റർ, വിമലഗിരിയിലെ പുതിയ പാസ്റ്ററൽ സെന്റർ തുടങ്ങിയവയും പുതുതായി വാങ്ങിയ റവന്യൂ ഭൂമികളുമെല്ലാം രൂപതയുടെ വികസന മുഖച്ഛായയിൽ വലിയ മാറ്റങ്ങളുണ്ടാക്കി.

അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിന്റെ മെത്രാഭിഷേകവും രൂപതയുടെ സഹായ മെത്രാനായുള്ള നിയമനവും രൂപതയുടെ സമഗ്രമായ വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ടു സെബാസ്റ്റ്യൻ പിതാവ് നടത്തിയ ചുവടുവയ്പാണെന്നു വരുന്ന നാളുകൾ നമ്മെ ബോധ്യപ്പെടുത്തും.

## ഉപസംഹാരം:

വിജയപുരം രൂപതയുടെ ചരിത്രം മുഖ്യധാരയിൽ നിന്നു മാറ്റിനിർത്തപ്പെട്ട ഒരു ജനതയുടെ ചരിത്രമാണ്. ഈ കാലയളവിൽ ആത്മാഭിമാനമുള്ള ഒരു ജനതയെ രൂപപ്പെടുത്തി എന്നുമാത്രമല്ല, തങ്ങളോടൊപ്പുള്ള ഇതര സഹോദരങ്ങളെ കൈപിടിച്ചുയർത്താനും ഈ രൂപതയ്ക്ക് സാധിച്ചു. വികസനം കടന്നുചെല്ലാത്ത സ്ഥലങ്ങളിലെ ജനങ്ങളെയും നിർധനരായ ജനങ്ങളെയും രൂപതയുടെ സ്ഥാപനങ്ങളിലുടെയും സാമൂഹിക ക്ഷേമ പദ്ധതികളി ലൂടെയും മുഖ്യധാരയിൽ കൊണ്ടുവരാൻ രൂപത, പിതാക്കൻമാരുടെ നേതൃത്വത്തിൽ നിരന്തരം ശ്രമിക്കുന്നു.

**റവ. ഫാ. ജോസഫ് ജെ. മീനായിക്കോടത്ത്**

## വിജയപുരം രൂപതാ സഹായ മെത്രാൻ
## റൈറ്റ് റവ. ഡോക്ടർ
## ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിലിന്റെ
# ജീവചരിത്ര വഴികളിലൂടെ...



100 വയസ്സിന്റെ ധന്യതയിലേക്ക് പ്രവേശിച്ചു കൊണ്ടിരിക്കുന്ന വിജയപുരം രൂപതയുടെ ചരിത്ര വഴികളിലെ ആദ്യത്തെ സഹായ മെത്രാൻ ആകുവാൻ നിയോഗം ലഭിച്ച ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിന്റെ ജീവിതവഴിയിലെ പ്രധാനപ്പെട്ട ദിവസങ്ങളെ പരിചയപ്പെടുത്തുന്നു ഈ വരികളിലൂടെ.

### ജനനം, ബാല്യം

1972 ഏപ്രിൽ ആറാം തീയതി പാമ്പനാർ മഠത്തിൽപറമ്പിൽ അലക്സാണ്ടർ, തെരേസ ദമ്പതികളുടെ മകനായി ജനിച്ചു. പാമ്പനാർ ഇടവകയിൽ വച്ച് തന്നെയാണ് അദ്ദേഹത്തിന്റെ ജ്ഞാനസ്നാനം നടന്നത്. ജ്ഞാനസ്നാനം നൽകിയത് ബഹുമാനപ്പെട്ട ജസ്റ്റിൻ പിൻഹീറോ അച്ചനാണ്. ഭാവി സഹായ മെത്രാനെയാണ് തന്നിലൂടെ രൂപതക്ക് കൊടുക്കുക എന്നുള്ളത് സാക്ഷ്യം വഹിച്ച മാമോദിസ തൊട്ടി ഓർത്തു കാണുമോ എന്തോ? പ്രൈമറി വിദ്യാഭ്യാസം കുട്ടിക്കാനം സെൻറ് ജോസഫ് സ്കൂളിൽ ആയിരുന്നു. ജീവിതത്തിലേക്ക് പിച്ച വെച്ച് നടക്കുന്ന പ്രായത്തിൽ തന്നെ അറിവിന് വേണ്ടി അലയേണ്ടി വന്നു എന്നത് ചരിത്രം. പിന്നീട് വിദ്യാഭ്യാസത്തിന് വേണ്ടി പാലാ ബോയ്സ് സ്കൂളിലേക്ക് വീട്ടിൽ നിന്നും പറിച്ചു നടപ്പെട്ട അദ്ദേഹത്തിന്റെ പത്താം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം സെൻറ് തോമസ് സ്കൂളിൽ ആയിരുന്നു.

ഉന്നത നിലയിൽ എസ്എസ്എൽസി പഠനം പൂർത്തിയാക്കിയ അദ്ദേഹം ചങ്ങാതിയായ ഷാജി വില്ലുകുളവുമായി ചേർന്നു ആത്മാക്കളെ ജീവിതത്തിൽ നേടുവാനുള്ള ദാഹപൂർത്തീകരണത്തിനായി സെമിനാരിയിൽ ചേരുവാൻ തീരുമാനമെടുക്കുന്നു.

### തേയില തോട്ടത്തിൽ നിന്നും മുന്തിരിത്തോപ്പിലേക്ക്

1987 കോട്ടയം ഇൻഫന്റ് ജീസസ് മൈനർ



അഭിവന്ദ്യ പിതാവ് പണികഴിപ്പിച്ച ഗൂഡാർലെ ദൈവാലയം








ഭാഗ്യസ്മരണാർഹനായ അഭി. പീറ്റർ തുരുത്തിക്കോണം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിക്കുന്നു [1996 ഡിസംബർ 27]

സെമിനാരിയിൽ അദ്ദേഹത്തെ റെക്ടർ ബഹു. തോമസ് മറ്റത്തിൽ അച്ചനും മറ്റ് വൈദികരും ചേർന്ന് സ്വീകരിച്ചു. സെമിനാരിയിലെ പ്രാഥമിക വിദ്യാഭ്യാസത്തിനും മാന്നാനം കെ.ഇ. കോളേജിലെ പ്രീഡിഗ്രി പഠനത്തിനും ശേഷം ഫിലോസഫി , തിയോളജി പഠനങ്ങൾക്കായി ചരിത്രമുറങ്ങുന്ന ആലുവ പെരിയാർ തീരത്തെ മംഗലപ്പുഴ സെമിനാരിയിലേക്ക്. മംഗലപ്പുഴയിലെ 7 വർഷക്കാല ജീവിതമായിരുന്നു അദ്ദേഹത്തെ കർത്താവിന്റെ മുന്തിരിത്തോപ്പിലെ നല്ല ഭൃത്യനായ് വാർത്തെടുക്കുന്നത്. പ്രസംഗകനായും ഗായകനായും സംഘാടകനായുമുള്ള രൂപാന്തരീകരണങ്ങളുടെ താബോർമല മംഗലപ്പുഴ തന്നെയായിരുന്നു.

അഭിവന്ദ്യ പീറ്റർ തുരുത്തിക്കോണം പിതാവിന്റെ കൈവെപ്പ് ശുശ്രൂഷ വഴിയായി പാമ്പനാർ തിരുഹൃദയ ദൈവാലയത്തിൽ വച്ച് 1996 ഡിസംബർ 27ന് തന്റെ സതീർത്ഥ്യനായ ഷാജി വില്ലുകളവുമായി ശുശ്രൂഷ പൗരോഹിത്യത്തിലേക്ക് പ്രവേശിച്ചു. 97 -98 കാലഘട്ടത്തിൽ മൂന്നാറിൽ സഹ വികാരിയായും പിന്നീട് നീണ്ട 5 വർഷങ്ങൾ ഗൂഢാറലെ സെൻറ് ജോസഫ് ദൈവാലയത്തിന്റെ ഇടയനായും ശുശ്രൂഷയുടെ ആദ്യ വർഷങ്ങൾ. ഇന്നത്തെ മനോഹരമായ ഗൂഡാർലെ സെൻറ് ജോസഫ് ദൈവാലയം അദ്ദേഹത്തിന്റെ അഗാധമായ പ്രാർഥനയുടെയും വിശ്വാസത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ജനഹൃദയങ്ങളെ ഒന്നിച്ചു കൂട്ടുവാൻ സാധിക്കുന്ന അജപാലന ശുശ്രൂഷയുടെയും നേർക്കാഴ്ച തന്നെ.



2003-2005 കാലഘട്ടത്തിൽ ഇടുക്കി വാഴത്തോപ്പ് ഇടവക വികാരിയായും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ഡയറക്ടറായും ചുരുങ്ങിയ കാലം കൊണ്ട് തന്നെ കഴിവ് തെളിയിക്കുവാനും അദ്ദേഹത്തിനു സാധിച്ചു എന്നത് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. 11 വർഷത്തെ അജപാലന ശുശ്രൂഷയ്ക്കും ഉപരിപഠനത്തിനും ശേഷം 2017-ൽ രൂപതയിൽ തിരിച്ചെത്തിയ ഫാ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ രൂപതാ വികാരി ജനറലായി സേവനം ചെയ്തുവരികെയാണ് പുതിയ ശുശ്രൂഷ നിയോഗം. അദ്ദേഹത്തിന്റെ ആത്മാർഥതയുടെയും സത്യസന്ധതയുടെയും സമർപ്പണത്തിന്റെയും അനുസരണത്തിന്റെയും സർവ്വോപരി അടിയുറച്ച പ്രാർഥന ജീവിതത്തിന്റെയും പ്രതിസമ്മാനം തന്നെയാണ് പുതു ഉത്തരവാദിത്വം. ഈ ഉത്തരവാദിത്വം സമർപ്പണ മനോഭാവത്തോടെ നിറവേറ്റുവാനും ഉയരങ്ങളിലേക്ക് അദ്ദേഹത്തിന്റെ ശുശ്രൂഷകൾ വ്യാപരിക്കുവാനും പോകുന്ന സ്ഥലങ്ങളിലൊക്കെ അനുഗ്രഹത്തിന്റെ സ്ഥലങ്ങളായി തീരുവാനും സർവ്വശക്തനായ ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർഥിക്കുകയും അദ്ദേഹത്തിന്റെ കാലയളവ് രൂപതയുടെ ചരിത്രത്തിന്റെ ഏടുകളിൽ സ്വർണ്ണ ലിപികളാൽ എഴുതപ്പെടുകയും ചെയ്യട്ടെ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.

**ആശംസകളോടെ**

**ഹെറിറ്റേജ് കമ്മീഷൻ വിജയപുരം രൂപത.**



# CSST-യുടെ കൊച്ചുമകൻ വിജയപുരം രൂപതയുടെ സഹായമെത്രാൻ

കർമലീത്ത ആത്മീയതയുടെ ചൈതന്യത്തിൽ വളർന്ന വിജയപുരം രൂപതാംഗമാണ് അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവ്. സ്ത്രീ ശാക്തീകരണത്തിന് കേരളത്തിൽ തിരിതെളിച്ച മദർ തെരേസ ഓഫ് സെൻ്റ് റോസ് ഓഫ് ലിമയുടെ പ്രേഷിത ചൈതന്യത്തിന്റെ സാക്ഷിയായിരുന്നു ജസ്റ്റിൻ പിതാവിന്റെ വത്സല മാതാവ് തെരേസ് അലക്സാണ്ടർ.

1962 ൽ കച്ചേരിപ്പടി സെൻ്റ് ആൻ്റണിസ് കോൺവെൻ്റിൽ നിന്നും മദർ ക്രിസ്റ്റീനയോടൊപ്പം (Sacred Heart Convent Mundakayam) ഉണ്ടായിരുന്ന 7 കുഞ്ഞനുജത്തിമാരുടെ ജ്യേഷ്ഠ സഹോദരിയായി വിജയപുരം രൂപതയിലെ മണ്ണിൽ കാൽവച്ചു. അത് വിജയപുരം രൂപതയുടെ വലിയ ദൗത്യത്തിന് വേണ്ടിയുള്ള ഒരു തിരഞ്ഞെടുപ്പാണെന്ന് കൊച്ചുതെരേസ സ്വപ്നത്തിൽ പോലും വിചാരിച്ചിരിക്കാൻ വഴിയില്ല.

കോൺവെന്റിലെ സിസ്റ്റർമാരെയും ചേച്ചിമാരെയും സഹായിച്ചും കുഞ്ഞനുജത്തിമാരെ ശുശ്രൂഷിച്ചും ഉച്ചത്തിലുള്ള പ്രാർഥനയും പാട്ടുമായി തെരേസ കോൺവെന്റിന്റെ നിറസാന്നിധ്യമാക്കി. അമ്മയുടെ ഹൃദയത്തിലെ ആ പ്രാർഥന ചൈതന്യവും സംഗീതവും സ്വതസിദ്ധമായി അഭിവന്ദ്യ പിതാവിനും ലഭിച്ചിട്ടുണ്ട്.

കാർക്കശ്യക്കാരിയായ മദർ ക്രിസ്റ്റീനയുടെയും പിന്നീട് മദർ സുപ്പീരിയറായിരുന്ന സിസ്റ്റർ ഡോളോറസിന്റെയുമെല്ലാം ശിക്ഷണത്തിൽ ആഴമായ വിശ്വാസത്തിൽ തെരേസ വളർന്നു. മുണ്ടക്കയത്തെ ഏറ്റവും ഉയരം കൂടിയ കുന്നിൻ മുകളിലെ മർഫി സായിപ്പിന്റെ ബംഗ്ലാവ് ആയിരുന്നു മൈക്കോളജി കോൺവെന്റ് സുന്ദരമായ ഒരു ഇടം ആണെങ്കിലും ആദ്യകാലങ്ങളിൽ ദുർഘടമായ റോഡുകളും ജലദൗർലഭ്യതയും വന്യജീവികളുടെ ശല്യവും കോൺവെൻ്റിലെ സാമ്പത്തികമായ ബുദ്ധിമുട്ടുകളും അവിടുത്തെ ജീവിതം ദുർഘടമാക്കി. എന്നാൽ സിസ്റ്റേഴ്സും ചേച്ചിമാരും കുട്ടികളും ചേർന്ന കുടുംബാന്തരീക്ഷം ഈ പ്രതിസന്ധികൾക്കിടയിലും വിശ്വാസമുള്ള, ധൈര്യമുള്ള, കഠിനാധ്വാനികളായ വ്യക്തിത്വങ്ങളെ രൂപപ്പെടുത്തുന്നതിന് ഇടയാക്കി. തെരേസ ചേച്ചി തന്നെയാണ് ഇതിന്റെ നേർസാക്ഷ്യം.

തെരേസ ചേച്ചി 1965 മുതൽ മൈക്കോളജി കോൺവെൻ്റിന് കീഴിലുള്ള സെൻ്റ് ജോസഫ് സ്കൂളിൽ ഓഫീസ് സ്റ്റാഫ് ആയി സേവനം ആരംഭിച്ചു. അന്ന് മദർ സുപ്പീരിയർ ആയിരുന്ന സിസ്റ്റർ ഡോളോറസ്, മൈക്കോളജിയിലെ ചാപ്ലിൻ ആയിരുന്ന പുണ്യ സ്മരണാർഹനായ ഫെലീച്ചിസിമൂസ് അച്ചൻ വഴിയായി 1971 ൽ പാമ്പനാർ ഇടവകയിലെ മഠത്തിൽപറമ്പിൽ അലക്സാണ്ടറുമായി തെരേസിന്റെ വിവാഹം നിശ്ചയിച്ചു. സിസ്റ്റർ റൂഫീന, സിസ്റ്റർ റോസിലി എന്നിവരുടെ നേതൃത്വത്തിൽ എല്ലാ അനുജത്തിമാരും വിവാഹത്തിൽ പങ്കെടുത്തു. കോൺവെന്റ് ജീവിതത്തിൽ നിന്നും കുടുംബത്തിലേക്ക് പറിച്ചു നടപ്പെട്ട തെരേസിനു പല പ്രതിസന്ധികളും ഉണ്ടായിരുന്നെങ്കിലും മദറിന്റെയും സിസ്റ്റർമാരുടെയും നിരന്തരമായ പിന്തുണയും പ്രാർഥനയും അവയെ അതിജീവിക്കാൻ സഹായിച്ചു.

തെരേസയെ കൊച്ചുനാൾ മുതൽ അറിയുന്ന സിസ്റ്റർ ആൻഡ്രിന, സിസ്റ്റർ ആൻഡ്രൂ, സിസ്റ്റർ



അലീന എന്നിവരുടെ മനസ്സിൽ തെരേസിന്റെ കൈ പിടിച്ച് കോൺവെൻറിലേയ്ക്ക് വരുന്ന ബിജുമോന്റെ (അഭിവന്ദ്യ ജസ്റ്റിൻ പിതാവിന്റെ ഓമനപേര്) ചിത്രം തെളിഞ്ഞു നിൽക്കുന്നു. തെരേസിന്റെ കോൺവെന്റിലെ അനുജത്തിമാരായ മാഗി ജോസഫ്, വിമല രാജേഷ്, അച്ചൻകുഞ്ഞ്, സാലി ജോസഫ്, ജെസ്സി ഷാജി എന്നിവരെല്ലാം ഒരു ജ്യേഷ്ഠസഹോദരിയുടെ സ്നേഹവും കരുതലും വാത്സല്യവും തെരേസിൽ നിന്നും അനുഭവിച്ചവരാണ്. ഇന്ത്യയിലും വിദേശത്തുമൊക്കെയായി അവരിപ്പോഴും സ്നേഹത്തോടെ തെരേസിനെ ഓർമ്മിക്കുകയും ബിജു അച്ചനെ ഓർത്ത് അഭിമാനിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്യുന്നു.

മാതാപിതാക്കളുടെ നല്ല മാതൃകയും വിശ്വാസ ജീവിതവുമാണ് ദൈവവിളികളുടെ ആധാരം. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം സെമിനാരിയിൽ ചേരുവാനുള്ള ബിജുമോന്റെ ആഗ്രഹം അമ്മയെ അറിയിച്ചപ്പോൾ, കോൺവെൻറിലേക്ക് ഓടിയെത്തി അമ്മമാരെ ആ വിവരം അറിയിച്ചു. ഏക മകൻ വൈദികനായാൽ നിങ്ങളെ ആര് നോക്കും എന്നായിരുന്നു സിസ്റ്റേഴ്സിന്റെ ചോദ്യം. അതിനു തെരേസന്റെ മറുപടി ഇപ്രകാരമായിരുന്നു: "അവൻ ഈശോയ്ക്ക് വേണ്ടി പോകട്ടെ ഞങ്ങളെ ദൈവം നോക്കിക്കൊള്ളും".

സെമിനാരി പരിശീലനകാലത്ത് തെരേസിനെയും അലക്സാണ്ടറിനേയും മൈക്കോളജി കോൺവെന്റിനോട് ചേർത്തുനിർത്തിയത് അന്നത്തെ മദർ സുപ്പീരിയർ ആയിരുന്ന സിസ്റ്റർ മെക്രീന ആയിരുന്നു. മൈക്കോളജിയിലെ അമ്മമാരുടെ അനുഗ്രഹം വാങ്ങിയിട്ടാണ് തെരേസ ചേച്ചി മകനെ സെമിനാരിയിലേക്ക് അയച്ചത്. ഓരോ വർഷവും അവധിക്കാലം കഴിഞ്ഞ് സെമിനാരിയിലേക്ക് പോകുന്നതിന് മുൻപ് ജസ്റ്റിൻ പിതാവ് കോൺവെൻറിൽ വന്ന് സിസേഴ്സിനെ കാണുന്നത് പതിവായിരുന്നു എന്ന് സിസ്റ്റർ ഗ്ലാഡിസ് ഓർമിക്കുന്നു.

ബിജു അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന് മൈക്കോളജി കോൺവെൻറിൽ സേവനമനുഷ്ഠിച്ചിരുന്ന സിസ്റ്റേഴ്സും തെരേസിന്റെ എല്ലാ അനിയത്തിമാരും കുടുംബാംഗങ്ങളും പാമ്പനാറിൽ സന്നിഹിതരായിരുന്നു.

പാമ്പനാർ ഇടവകയിലേക്ക് പറിച്ചു നടപ്പെട്ട തെരേസ് ഇടവകയുടെയും വൈദികരുടെയും

നാട്ടുകാരുടെയും എല്ലാം തെരേസമ്മച്ചിയായി. ഹൈറേഞ്ചിലൂടെ കടന്നുപോയ എല്ലാ വൈദികരെയും സ്നേഹത്തോടെ മക്കളെപോലെ പരിചരിച്ചിരുന്നു. പാമ്പനാറിലെ പെൺകുട്ടികളെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി മൈക്കോളജി കോൺവെൻറിലെ ബോർഡിങ്ങിലേക്കും സ്കൂളിലേക്കും കൊണ്ടു വന്നാക്കി പെൺകുട്ടികളുടെ നല്ല ഭാവി എന്ന CSST യുടെ കാരിസം(charism) തന്റെ പ്രവർത്തനങ്ങളിലൂടെ തെരേസ് തുടർന്നു.

ബിജുമോൻ വൈദികൻ ആകുമ്പോൾ വേളാങ്കണ്ണി പള്ളിയിൽ മാതാവിന്റെ സന്നിധിയിൽ കൊണ്ടുവന്ന് വിശുദ്ധ കുർബാന അർപ്പിച്ചു കൊള്ളാം എന്ന് തെരേസ് നേർച്ച നേർന്നിരുന്നു. എന്നാൽ, പൗരോഹിത്യത്തിനുശേഷം മൂന്നാറിലും ഗൂഡാർളയിലും തന്റെ അജപാലന ദൗത്യത്തിന്റെ തിരക്കിലായിരുന്നതിനാൽ നേർച്ച നിറവേറ്റുവാൻ വർഷങ്ങൾ നീണ്ടു.

ഉപരിപഠനത്തിനായി ഇറ്റലിയിലേക്ക് പോകുന്നതിനു മുൻപ് അമ്മയുടെ സ്നേഹ ശാഠ്യത്തിനു വഴങ്ങി 2006 ജനുവരി 17 നു ബിജു അച്ചൻ തന്റെ അമ്മയുടെ നേർച്ച പൂർത്തിയാക്കി. സഹോദരവൈദികരോടും കുടുംബത്തോടുമൊപ്പമുള്ള ആത്മീയ യാത്ര തെരേസയുടെ ഈ ലോകയാത്രയുടെ പൂർത്തീകരണമായിരുന്നു. യാത്രയ്ക്കിടയിലുണ്ടായ വാഹനാപകടത്തിന് ഏതാനും നിമിഷങ്ങൾക്ക് മുൻപ് താനിരുന്ന സീറ്റിലേക്ക് മകനെ സുരക്ഷിതനായി നീക്കിയിരുത്തി ആ അമ്മ

ഈ ലോകത്തിലെ തന്റെ ദൗത്യം പൂർത്തിയാക്കി യേശുവിലേക്ക് മടങ്ങി.

വിജയപുരം രൂപതക്കുവേണ്ടി മാതാവിന്റെ കയ്യിൽ ഏൽപ്പിക്കപ്പെട്ട തെരേസമ്മച്ചിയുടെ മകൻ,CSST സഭയുടെ കൊച്ചുമകൻ, ഇന്ന് വിജയപുരം രൂപതയുടെ ഇടയൻ. അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിന് CSST കുടുംബത്തിലെ മദർജനറൽ ക്രിസ്സിന്റെയും പ്രൊവിൻഷ്യൽ സിസ്റ്റർ വിനിതയുടെയും എല്ലാ സഹോദരിമാരുടെയും സ്നേഹപൂർവ്വമായ പ്രാർഥനാശംസകൾ.

ഈശോയുടെ ഹൃദയമുള്ള നല്ല ഇടയനായി വിമലഗിരി മാതാവിന്റെ സംരക്ഷണത്തിൽ വിജയപുരം രൂപത മക്കളെ നയിക്കുവാൻ ആത്മീയവും ശാരീരികവുമായ എല്ലാ അനുഗ്രഹങ്ങളും പിതാവിന് സമൃദ്ധിയായി ഉണ്ടാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർഥിക്കുന്നു.

**സി. ജെനിൻ സിഎസ്എസ്ടി**

# The song of God that touch the world with love



The Holy Father Pope Francis has appointed Rev. Fr Justin Madathiparambil as the new Auxiliary bishop of the Latin Catholic diocese of Vijayapuram." For us, the Sisters of Charity of Bartolomea Capitanio and Vincenza Gerosa, it hasn't been simply a joyful announcement but a moment of special thanksgiving to God. Did the Pope know that he has chosen an ideal shepherd as per his teaching?

Fr. Justin was our 'Bijumon,' whose parents were employees in our Institution at Pambanar, ever since our community started there in 1976. As a child, he spent most of his time amidst us, enjoying the love and attention of all the sisters, because the mother could not leave her only child at home. He played with us, dined with us and had a permanent seat reserved for him near the sister superior. This childhood love and closeness towards us has stayed with him all these years and it is the same with us as well. He was a gifted and talented child - intelligent, intuitive, and inherited the musical/artistic talent of the father and the practicality of the mother.

He was a simple, sincere, jovial, spontaneous child, and 'in him was 'no malice.' That is why Jesus must have chosen him now to shepherd his people, as he can truly be a 'shepherd who knows the smell of the sheep'. He has always been a docile and humble person with genuine self-awareness and he always remained grateful and faithful to the Lord who held his hands leading him through the path of faith.

As a young boy, he served at the altar regularly. In his youth, like Samuel he heard the Lord's call to be a priest after the order of Melchizedek. He started a new journey saying 'yes' to that call and never looked back. Although he was the only child of his parents the death of his mother or the other painful experiences never let him waver in his faith and commitment. Instead, he used all his life experiences as stepping stones to draw closer to the Crucified Lord. He always delved deeper into faith, humbly surrendering himself to the One who called him for Himself.

He is the third priest from Sacred Heart Church, Pambanar. As a seminarian, he



made use of every opportunity to be amidst his parishioners. He not only offered his generous help to the Parish priests but also willingly participated in all the parish activities, visiting the familles, reaching out to the substations scattered far and wide, and helping to create among the faithful a sense of belonging to the Church.

What we appreciate in him most is that he has preserved his simplicity even to this day, despite the new roles he was called to play in the Church. It is not in his nature to aspire for special treatment or higher promotions. He has the great capacity to see everyone as a child of God, giving whatever is one's due, with no partiality whatsoever. In joy as in sorrow, he keeps his equanimity and serenity, pondering and guarding all things in the heart as did the Bl. Virgin Mary. His gentle presence and welcoming smile endear him to all.

Like Jesus, who 'went about doing good,' he has a sixth sense towards the needs of others and he willingly sacrifices himself to reach out to the needy, especially the poor. Even as Vicar General, he used to visit the parishes during the Corona time, bringing consolation to the sick and the suffering.

Being an intelligent person, he possesses remarkable observation skill. It helps him to evaluate reality quickly and take appropriate decisions.

We are sure that his acquaintance with the religious community of the 'Sisters of Charity' from his early childhood has given him some unique qualities and personality traits. We are sure that your continuous care, love and guidance will be a strong support for us religious to work for the people of God in the various parishes of the diocese. We do consider that it is all the more our responsibility to pray for our 'Bijumon' that he continues to be a true Pastor, communicating the Father's compassion and the redeeming love of Jesus to everyone on his path.

Dearly beloved bishop, may God bless you and keep you always in His loving care. May He use you for His Kingdom.

**Sisters of Charity**

# ജസ്റ്റിൻ പിതാവ് എനിക്ക്...

ജസ്റ്റിൻ പിതാവ് എല്ലാവരെയും ഒരുപോലെ കാണുകയും അതുപോലെ യാതൊരു മടിയും കൂടാതെ നമ്മൾ സംസാരിക്കുന്നത് കേൾക്കുകയും ചെയ്യുന്ന പിതാവാണ്. പ്രത്യേകിച്ച് പാവപ്പെട്ടവന്റെ അവസ്ഥയെ മനസ്സിലാക്കുകയും അവന്റെ ആവശ്യങ്ങളിലെ മനസ്സലിഞ്ഞ് സഹായിക്കുകയും ചെയ്യുന്ന പിതാവാണ്. പഠിക്കാൻ കഴിവുണ്ടായിട്ടും പണം ഇല്ലാത്തതുകൊണ്ട് പഠിക്കാൻ സാധിക്കാത്തവരെ പഠിക്കുവാൻ സഹായിക്കുന്ന ഒരു പിതാവാണ്. ഹൈറേഞ്ചിലെ തമിഴ് ജനതയെ മനസ്സിലാക്കുകയും അവരോട് സൗഹൃദം സ്ഥാപിക്കുകയും ചെയ്യുന്ന പിതാവാണ്. ഏറ്റെടുക്കുന്ന ദൗത്യത്തിൽ നൂറുശതമാനം ആത്മാർത്ഥയും തീക്ഷ്ണതയും നന്നായി ചെയ്യുവാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നല്ല മനസ്സിന്റെ ഉടമയാണ് ജസ്റ്റിൻ പിതാവ്.

**റവ. ഫാ. സുരേഷ്**



# മോൺ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിൽ

## ബാല്യകാല സുഹൃത്തിന്റെ ഓർമ്മക്കുറിപ്പുകൾ

യാത്രകൾ സുന്ദരങ്ങളാണ്, അത് നമ്മളെ സ്നേഹിക്കുന്നവരുടെ കൂടെയാകുമ്പോൾ അതിമനോഹരവും. അങ്ങനെയുള്ള ഒന്നായിരുന്നു ജസ്റ്റിൻ പിതാവുമായുള്ള എന്റെ ഇതുവരെയുള്ള ജീവിതയാത്ര. സത്യത്തിൽ ഒരുമിച്ചുള്ള യാത്രയിലാണ് നമ്മൾ പരസ്പരം അറിയുന്നത്. പിതാവുമായുള്ള എന്റെ ഇതുവരെയുള്ള യാത്രയിൽ ഞാനനുഭവിച്ചറിഞ്ഞ സ്നേഹവാത്സല്യങ്ങളാണ് എന്റെ ഓർമയിൽ തെളിഞ്ഞുവരുന്നത്.

പാമ്പനാർ തിരുഹൃദയ ഇടവകയിൽ മഠത്തിൽ പറമ്പിൽ അലക്സാണ്ടറിന്റെയും തെരേസയുടെയും ഏക മകനാണ് വിജയപുരം രൂപതയുടെ നിയുക്ത സഹായമെത്രാൻ മോൺസിഞ്ഞോർ ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിൽ. മോൺ. ജസ്റ്റിന്റെ വീട്ടിലെയും നാട്ടിലെയും വിളിപ്പേര് ബിജു എന്നാണ്. ഇപ്പഴും വീട്ടുകാർക്കും നാട്ടുകാർക്കും മോൺസിഞ്ഞോർ 'പഴയ ബിജു അച്ചൻ' തന്നെ. ഇടുക്കി ജില്ലയിൽ പീരുമേടിനടുത്ത് പാമ്പനാർ എന്ന മലയോരഗ്രാമത്തിൽ 1972ലാണ് ജസ്റ്റിൻ ജനിക്കുന്നത്. എന്റെ ജനനം 1971 ലായിരുന്നു. അതേ സ്ഥലത്ത്. കാലഘട്ടത്തിൽ അഞ്ചാം വയസിലാണ് സ്കൂളിൽ ചേർത്തിരുന്നതെങ്കിലും, ശരീരപ്രകൃതിയിൽ ഞാൻ വളരെ ചെറുതായിരുന്നതിനാൽ എന്നെ ആറാമത്തെ വയസിലാണ് സ്കൂളിൽ ചേർക്കുന്നത്. അതിനാൽ ബിജുവിനോടൊപ്പം എനിക്ക് സ്കൂൾ ജീവിതം ആരംഭിക്കാൻ സാധിച്ചു, കുട്ടിക്കാനം സെൻറ് ജോസഫ് എൽ.പി. സ്കൂൾ മലയാളം മീഡിയത്തിലൂടെ. സ്കൂളിൽ ചേരുന്നതിനു മുൻപുതന്നെ ഞങ്ങൾ കൂട്ടുകാരായിരുന്നു. കുഞ്ഞുകൂട്ടുക്കാരായിരുന്ന ഞങ്ങൾ ഒരു സ്കൂളിൽ ഒന്നുമുതൽ നാലുവരെ ഒരുമിച്ചു ഒരു ബെഞ്ചിലിരുന്നു പഠിച്ചു. എൽ.പി. പഠനത്തിന് ശേഷം യു.പി. സെക്ഷൻ പഠിക്കാനായി ചങ്ങനാശ്ശേരിയിൽ ഒരു സ്കൂളിൽ ഞങ്ങൾ അഡ്മിഷൻ അപേക്ഷിച്ചു. എന്നാൽ ജസ്റ്റിന് മാത്രം അഡ്മിഷൻ ലഭിച്ചു. എനിക്കു അഡ്മിഷൻ ലഭിക്കാതിരുന്നതിനാൽ ജസ്റ്റിനും ആ അഡ്മിഷൻ എടുത്തില്ല. ആ കുഞ്ഞുമനസിന്റെ ത്യാഗം വളരെ വലുത് തന്നെയായിരുന്നു. ഈശോയ്ക്കും ജനങ്ങൾക്കുംവേണ്ടി ഇന്നും അദ്ദേഹം ത്യാഗജീവിതം നയിക്കുന്നു. പിന്നീട്, ഞങ്ങൾ രണ്ടുപേരും നാട്ടിലെ ഗവണ്മെന്റ് യു.പി. സ്കൂളിൽ അഡ്മിഷൻ എടുത്തു. എന്നാൽ ജസ്റ്റിന് പാലായിലെ ഒരു സ്കൂളിൽ അഡ്മിഷൻ ലഭിച്ചതിനാൽ അങ്ങോട്ടുപോയി. പാമ്പനാർ ഗവണ്മെന്റ്സ്കൂളിൽ അഞ്ചാം ക്ലാസ്സിൽ ആദ്യദിവസം ഹാജർ എടുക്കുന്ന സമയത്ത് ജസ്റ്റിന്റെ പേര് ക്ലാസ് ടീച്ചർ വിളിച്ചത് ഞാൻ ഇന്നും ഓർക്കുന്നുണ്ട്. അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ ഞങ്ങൾ വ്യത്യസ്ത സ്കൂളുകളിലാണ് പഠിച്ചിരുന്നതെങ്കിലും അത് ഞങ്ങളുടെ സൗഹൃദത്തെ ഒരിക്കലും ബാധിച്ചില്ല. കാരണം, ഞങ്ങൾ ഒരുമിച്ചാണ് എല്ലാ അവധിക്കാലങ്ങളും ചിലവഴിച്ചത്. ഇത് ഞങ്ങളുടെ ഇടയിൽ ആഴത്തിലുള്ള ഒരു സുഹൃത്ത് ബന്ധം വളർത്തി.

മോൺസിഞ്ഞോർ ജസ്റ്റിന്റെ അപ്പച്ചൻ, മഠത്തിൽപറമ്പിൽ അലക്സാണ്ടർ, എനിക്ക് അന്നും ഇന്നും 'കുഞ്ചായൻ' ആണ്. അദ്ദേഹം എന്നെ എന്നും മോൺസിഞ്ഞാറിനെ പോലെ ഒരു മകനായിട്ടാണ് കാണുന്നത്. മോൺസിഞ്ഞാറിന്റെ പരേതയായ അമ്മ തെരേസ അലക്സാണ്ടറിനെ എന്നും സ്നേഹത്തോടെ ഓർക്കുവാൻ സാധിക്കൂ. ആ അമ്മയെ ഞാൻ 'തെരേസേച്ചി' എന്നാണ് വിളിക്കാറുണ്ടായിരുന്നത്. എന്റെ വീട്ടിലെ നിത്യ സന്ദർശകയായിരുന്നു ആ വാത്സല്യ അമ്മ. ബിജുവിനെപോലെതന്നെയാണ് എന്നെയും അമ്മ കണ്ടിരുന്നത്. അതുകൊണ്ട് തന്നെ എനിക്ക് തെരേസേച്ചിയിൽ നിന്ന് നല്ല വഴക്കും കിട്ടിയിട്ടുണ്ട്. ഇടവകപ്പള്ളി വീടിനടുത്തായിരുന്നതുകൊണ്ടു ദിവസേന ദിവ്യബലിയിൽ അമ്മ പങ്കെടുക്കുമായിരുന്നു. മടിപിടിച്ചു ഇടയ്ക്ക് കുർബാനയ്ക്കു പോകാതിരിക്കുന്നതിനും പഠിക്കാതെയിരിക്കുന്നതിനും ആഴ്ചപ്പതിപ്പുകൾ വായിക്കു



ന്നതിനും എന്നെ നല്ല വഴക്കു പറയുമായിരുന്നു. ഞാൻ സെമിനാരിക്കാരനായിരുന്ന കാലഘട്ടത്തിലും ആ അമ്മയ്ക്ക് ഈ ഒരു കരുതലും സ്നേഹം ഉണ്ടായിരുന്നു. ഒരു മകനുമാത്രമേ ജന്മം നല്കിയുള്ളെങ്കിലും അച്ചന്മാരുടെയെല്ലാം അമ്മയായിരുന്നു തെരേസാമ്മച്ചി. തമിഴിൽ ഒരു ചൊല്ലുണ്ട്. "തായെപോൽ പിള്ളൈ, നൂലൈപോലെ സീലൈ" എല്ലാവരുടോടും കരുതൽ കാണിക്കുന്ന ഒരമ്മയുടെ മകൻ സ്വാഭാവികമായും അങ്ങനെതന്നെ എന്ന് ജസ്റ്റിൻ പിതാവ് തന്റെ ജീവിതം കൊണ്ടുതന്നെ തെളിയിച്ചുകൊണ്ടിരിക്കുന്നു.



ഇടവകയിലെ ഒരു വലിയ ആഘോഷത്തിന്റെ കലാപരിപാടികൾക്ക് വേദിയായിരുന്നത് ഞങ്ങളുടെ നാട്ടിലുണ്ടായിരുന്ന 'ശാന്തി തീയേറ്റർ' (സിനിമാതീയേറ്റർ) ആയിരുന്നു. ജനങ്ങളാൽ തിങ്ങി നിറഞ്ഞ തീയേറ്ററിലെ വലിയ സ്റ്റേജിൽ ബിജുവിനെയും എന്നെയും സിസ്റ്റേഴ്സ് 'ഗുസ്തിക്ക് വന്ത് നിൽ' എന്ന പേരിൽ ഒരു ആക്ഷൻഡാൻസ് പഠിപ്പിച്ചു ഞങ്ങളെ കൊണ്ട് അവതരിപ്പിച്ചത് ഇപ്പഴും എന്റെ മനസ്സിൽ എന്നതുപോലെ മോൺസിഞ്ഞോറിന്റെ മനസ്സിലും പച്ചപിടിച്ചു നിൽക്കുന്നുണ്ടാകാം. ഞങ്ങൾ രണ്ടുപേരുടെയും ദൈവവിളിക്ക് ചാരിറ്റി സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങൾ ആഴത്തിൽ സ്വാധിനിച്ചിട്ടുണ്ടെന്ന് നിസ്സംശയം പറയാൻ സാധിക്കും.

അഞ്ചാം ക്ലാസ്സിൽ വ്യത്യസ്ത സ്കൂളുകളിലേയ്ക്ക് പോയ ഞങ്ങൾ വീണ്ടും സെമിനാരി പഠനത്തിൽ ഒരുമിച്ചു. 1987ൽ വിജയപുരം രൂപതയിലെ വൊക്കേഷൻ ക്യാമ്പിന് പങ്കെടുത്ത ഞങ്ങൾ ആ വർഷം തന്നെ സെമിനാരിയിൽ ചേർന്ന് വൈദീകരാകാൻ ഒരുമിച്ചു തീരുമാനിക്കുകയായിരുന്നു. സുഹൃത്തുക്കൾ ആയതിനാൽ ഒരാൾക്കൊരാൾ കൂട്ടുപോയതുപോലെ ആയിരുന്നു ഞങ്ങളുടെ സെമിനാരി പ്രവേശനവും. തുടർന്നിങ്ങോട്ട് ഒരുമിച്ചു പഠിച്ചു, ഒരുമിച്ചു കളിച്ചു. ഒരുമിച്ചു യാത്രചെയ്തു, ഒരുമിച്ചു ജീവിച്ചു, ഒരേ വേദിയിൽ വൈദീകപട്ടവും സ്വീകരിക്കാൻ ദൈവം അനുഗ്രഹിച്ചു. പഠിക്കുമ്പോൾ മുതൽ തന്നെ നല്ല ചുറുചുറുക്കുള്ള വ്യക്തിത്വത്തിന്റെ ഉടമയാണ് മോൺ. ജസ്റ്റിൻ. എല്ലാവരുമായി നല്ല സൗഹൃദത്തിലായിരുന്നു; ബാസ്കറ്റ്ബാൾ നല്ലതുപോലെ കളിക്കുമായിരുന്നു; സെമിനാരിയിലെ നടനരംഗങ്ങളിൽ സ്ഥിരസാന്നിധ്യമായിരുന്നു. സ്വകാര്യപ്രാർഥനയിൽ ഈശോയുമായി ആഴത്തിലുള്ള ചങ്ങാത്തം വളർത്തിയെടുത്തിരുന്നു. മനോഹരമായി പാടാൻ അദ്ദേഹത്തിന് സാധിക്കും. ചെറുപ്പകാലത്തോ മൈനർ സെമിനാരിയിൽ വെച്ചോ ഒരു മൂളിപ്പാട്ടുപോലും ജസ്റ്റിൻ പാടുന്നത് ഞാൻ കേട്ടിട്ടില്ല. എന്നാൽ തനിക്കു ദൈവം നൽകിയ ഈ കഴിവ് അദ്ദേഹം വളർത്തിയെടുത്തത് മേജർ സെമിനാരി പഠനകാലത്താണ്. ബ്രദർ ജസ്റ്റിൻ പഠിക്കാൻ മിടുക്കനും നല്ല ഉത്സാഹശീലനും ആയിരുന്നു. അതിനാൽ തന്നെ റോമിൽ പോയി ഉന്നത വിദ്യാഭ്യാസം നടത്താനും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടുവാനും ഫാദർ ജസ്റ്റിന് സാധിച്ചു. ഒരേകാലയളവിൽ റോമിൽ ഞങ്ങൾക്ക് ഒരുമിച്ചു ഉന്നതവിദ്യാഭ്യാസം നടത്താൻ സാധിച്ചു എന്നതും ദൈവത്തിന്റെ പ്രത്യേക അനുഗ്രഹമായിക്കാണുന്നു. അങ്ങനെ വിനയവും വിശുദ്ധിയും വിജ്ഞാനവും ഒരുമിച്ചു സമ്മേളിച്ചിരിക്കുന്ന മഹനീയ വ്യക്തിത്വത്തിന്റെ ഉടമയാണ് മോൺ. ജസ്റ്റിൻ.

ഫ്രാൻസിസ് പാപ്പാ പറയുന്ന ആടുകളുടെ മണമുള്ള ഇടയനാണ് നിയുക്ത സഹായമെത്രാൻ മോൺ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിൽ. ആ ഒരു സമർപ്പണമാണ് ഈ ഉന്നത ശുശ്രൂഷ പദവിയിലേക്ക് അദ്ദേഹത്തെ ദൈവം തിരഞ്ഞെടുക്കാൻ കാരണമായതെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ വിനയവും നിഷ്കളങ്കതയും നിർമ്മലതയും കഠിനാധ്വാനവും അദ്ധ്യാത്മികതയും അഭംഗുരം പൂർണതയിലേക്ക് വളർന്ന് വിജയപുരം രൂപതയെ, അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിൽ പിതാവിനോട് ചേർന്ന് നയിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ.

**റവ. ഫാ. സെബാസ്റ്റ്യൻ മാത്യു വില്ലുകുളം**
കാർമ്മൽഗിരി സെമിനാരി, ആലുവ



# സൗമ്യതയുടെ ഇടയമുഖം

വിജയപുരം രൂപതാ സഹായമെത്രാൻ ജസ്റ്റിൻ മഠത്തിൽപറമ്പിൽ, ഒരു ഗ്രാമത്തിന്റെ ദൈവവിളിയുടെ അഭിമാനമാണ്. ഏകമകൻ അൾത്താരയിൽ ആദ്യബലിയർപ്പിച്ചത് കണ്ട് പ്രാർഥനയിലൂടെയും അൾത്താര ശുശ്രൂഷയിലൂടെയും മനമുരുകി മകനുവേണ്ടി പ്രാർഥിച്ച പിതാവും മകന്റെ പുതുനിയോഗത്തെ ഓർത്ത് ദൈവത്തിനു നന്ദി പറയുന്നു.

ഏകമകനെന്ന സ്വാതന്ത്ര്യത്തിലും, ഒരു കൊച്ചുപട്ടണത്തിന്റെ വശ്യതകളിലും ദൈവമുഖത്തേയ്ക്കുള്ള നോട്ടം മറയാതെ അൾത്താരയെ ലക്ഷ്യമാക്കി ജസ്റ്റിൻ എന്ന ബാലൻ ജീവിതം തുടങ്ങി. പള്ളിയുടെ അടുത്താണ് വീട് എങ്കിലും പള്ളി തന്നെ വീടാക്കി മാറ്റി, ഇന്ന് വിജയപുരം രൂപതയുടെ സഹായമെത്രാനായി. ഇവിടെ പാമ്പനാറ്റിൽ അലക്സാണ്ടർ എന്ന കുഞ്ഞച്ചൻ ചേട്ടന്റെയും പരേതയായ തെരേസയുടെയും ഏകമകനായി പിറന്ന് സൗമ്യമായ എളിയ ജീവിതത്തിലൂടെ പാട്ടും പ്രാർഥനയുമായി ലാളിത്യത്തോടെ പാമ്പനാർ മലനിരകളെ തഴുകിയെത്തുന്ന കാറ്റുപോലെ മുന്നേറി. കുഞ്ഞുനാൾ മുതൽ പരിചിതമായ ബിജു എന്ന ഓമനപ്പേരിൽ അറിയപ്പെട്ട ബിജു അച്ചൻ ഇന്ന് ബിഷപ് ജസ്റ്റിൻ മഠത്തിൽപറമ്പിൽ ആയത് ദൈവത്തിന്റെ സ്നേഹകാരുണ്യം തന്നെയാണ് എന്നാണ് അദ്ദേഹത്തിന്റെ പ്രതികരണം.

നാട്ടിലായിരിക്കുമ്പോഴും വിദേശ ഉപരിപഠന സമയത്തും ക്രിസ്തുവിനോട് ചേർന്ന് നിന്ന് ഏൽപിക്കപ്പെട്ട കാര്യങ്ങൾ നൂറു ശതമാനം പൂർണ്ണതയിൽ നിവർത്തിയാക്കാൻ പിതാവിന് ഇതുവരെ സാധിച്ചു എന്നത്, തന്നെ ദൗത്യം ഏൽപിച്ചവരിലും യേശു ക്രിസ്തുവിന്റെ മുഖം കാണാൻ സാധിച്ചു എന്നതിന്റെ സാക്ഷ്യമാണ്. അധികാരികളിലും തനിക്ക് ഏൽപ്പിക്കപ്പെട്ടവരിലും കഷ്ടപ്പെടുന്നവരിലും ക്രിസ്തുവിന്റെ മുഖം പിതാവ് ദർശിച്ചു. ആ തിരുമുഖത്തിന്റെ വെളിച്ചത്തിൽ കഠിനപ്രയത്നത്തിന്റെയും സഹനത്തിന്റെയും മുൾപടർപ്പുകളിലൂടെ പതറാതെ മുന്നേറി. വിളിച്ചവനോടുള്ള വിശ്വസ്തത നിലനിർത്താൻ സഹവൈദികരോടും കൂട്ടായ്മ ആവശ്യമാണെന്ന ബോധ്യം അദ്ദേഹത്തിൽ ഉണ്ടായിരുന്നു. തന്നെ സമീപിക്കുന്ന ഏവരിലും ക്രിസ്തുവിന്റെ മുഖമുദ്ര എപ്പോഴും കണ്ടെത്തുന്നതിൽ അദ്ദേഹം വിജയിച്ചു എന്നതു തന്നെയാകാം ക്രിസ്തുനാഥന്റെ ഇടയപൂർണ്ണതയുടെ മുഖം ജസ്റ്റിൻ പിതാവിൽ ദർശിച്ച് ഈ വലിയ ചുമതല ഏൽപ്പിച്ചിരിക്കുന്നത് എന്ന് കരുതാം. അഞ്ച് പതിറ്റാണ്ടിന്റെ ജീവിത പഠനവും അനുഭവവും സാധാരണക്കാരന്റെ പ്രയാസങ്ങളും ദൈവാരാധനയാക്കി മാറ്റി പലവിധ സാമൂഹിക, രാഷ്ട്രീയ ചുറ്റുപാടുകളുടെ നടുവിൽ തന്റെ ഇടയ ദൗത്യശുശ്രൂഷ ധീരതയോടെ നിറവേറ്റുന്നതിന് പിതാവിന് സാധിക്കട്ടെ.

ഇടയവടികൈയ്യിലേന്തുവോളം സഭയുടെയും രൂപതയുടെയും നേതൃത്വം ക്രിസ്തുമുഖ ദർശന അനുഭവത്തോടെ ഏറ്റെടുക്കാൻ ദൈവം അനുഗ്രഹിക്കട്ടെ. പാമ്പനാർ തിരുഹൃദയ ഇടവക കുടുംബത്തിലെ ഓരോ അംഗത്തിന്റെയും പേരിൽ വിജയപുരം രൂപതയുടെ പ്രഥമ സഹായമെത്രാന് അനുഗ്രഹാശംസകളും പ്രാർഥനകളും നേരുന്നു.

**റവ. ഫാ. ജോസ് കുരുവിള കാടൻതുരുത്തേൽ**
ഇടവക വികാരി














# പരി. വിമലഗിരി മാതാവിന്റെ തിരുസ്വരൂപ പ്രയാണവും
# അഭി. മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിലും

അജപാലന രംഗത്തെ ഉന്നതപദവിയിലേക്ക് ഉയർത്തപ്പെടുമ്പോൾ ബിഷപ്പ് ഡോ. ജസ്റ്റിൻ മഠത്തിൽപറമ്പിലിന്റെ വാക്കുകളിലും പ്രവൃത്തികളിലും മരിയഭക്തിയുടെ പ്രതിധ്വനിയാണ് മുഴങ്ങുന്നത്. തികഞ്ഞ മരിയഭക്തനായ പിതാവ് പരിശുദ്ധ വിമലഗിരി മാതാവിന്റെ സന്നിധിയിൽ പ്രാർഥാനിരതനായി മണിക്കൂറുകൾ ചെലവഴിച്ച ശേഷമാണ് മെത്രാൻ പ്രഖ്യാപനവേദിയിലേക്ക് എത്തിയത്. അഭിഷേക കർമ്മങ്ങൾക്കു മുമ്പുള്ള ദിവസങ്ങളിലും അതു മുടങ്ങിയില്ല എന്നത് അഭിവന്ദ്യ പിതാവിനുള്ള മാതൃശരണത്തിന്റെ മഹനീയ തെളിവായി.

വിദേശത്തുനിന്നും പഠനവും ശുശ്രൂഷകളും പൂർത്തിയാക്കി മോൺ. ജസ്റ്റിൻ മത്തിൽപ്പറമ്പിൽ 2017 മാർച്ചിലാണ് രൂപതയിലേക്ക് തിരിച്ചെത്തുന്നതും വികാരി ജനറാളായി നിയമിതനാകുന്നതും. രൂപതാ വികാരി ജനറാൾ എന്ന നിലയിൽ രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിനെ സഹായിക്കുന്നതിനിടയിൽ 2017-ൽ തന്നെയാണ് പരിശുദ്ധ വിമലഗിരി മാതാവിന്റെ തിരുസ്വരൂപപ്രയാണം 84 ഇടവകകളിലൂടെ നയിക്കുന്നതിനുള്ള ഉത്തരവാദിത്വം ജസ്റ്റിനച്ചന് നൽകപ്പെട്ടത്. കേവലം യാദൃശ്ചികമല്ലെന്നു വേണം കരുതുവാൻ. ഒരു തുടക്കക്കാരന്റെ പതർച്ചയോ പരിഭ്രമങ്ങളോ ഒന്നുമില്ലാതെ 2017 സെപ്റ്റംബർ 8ന് മാതാവിന്റെ ജനനത്തിരുനാളിൽ വിമലഗിരി കത്തീഡ്രലിൽ നിന്നും ആരംഭിച്ച തിരുസ്വരൂപ പ്രയാണത്തിന് അഭിനന്ദനാർഹമായ നേതൃത്വം നൽകുവാൻ ദൈവം അച്ചനെ ശക്തിപ്പെടുത്തി. കൃത്യമായ ക്രമീകരണങ്ങളിലൂടെ 84 ഇടവകകളിലും പരിശുദ്ധ വിമലഗിരി മാതാവ് സന്ദർശനം നടത്തി, നവംബർ 29ന് വിമലഗിരി കത്തീഡ്രൽ തിരുനാൾ ആരംഭിക്കുന്ന ദിനത്തിൽ തിരിച്ചെത്തിയപ്പോൾ വിജയകരമായ ഈ പ്രഥമസംരം



ഭം പൂർത്തിയാക്കിയതിന്റെ പിന്നിൽ ജസ്റ്റിനച്ചന്റെ ദൃഢനിശ്ചയവും നേതൃത്വ പാടവുമാണ് പ്രകടമായത്.

5 റവന്യൂജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വിസ്തൃതമായ നമ്മുടെ രൂപതയുടെ 84 ഇടവകകളിലും ഭക്തിസാന്ദ്രമായ സ്വീകരണങ്ങൾ ഏറ്റുവാങ്ങിയ ശേഷമാണ് വിമലഗിരി മാതാവ് രൂപതാസ്ഥാന ദൈവാലയമായ വിമലഗിരി കത്തീഡ്രലിൽ തിരികെയെത്തിയത്. ഈ ഇടവകകളിലെല്ലാംതന്നെ നേരിട്ടെത്തി ആവേശം പകർന്ന് ദൈവജനത്തിനു പിന്തുണ നൽകുന്നതിൽ ജസ്റ്റിനച്ചൻ മുൻപന്തിയിലുണ്ടായിരുന്നുവെന്നു മാത്രമല്ല എല്ലാ ദൈവാലയങ്ങളിലും ദിവ്യബലിയർപ്പിച്ചുകൊണ്ട് മാതാസ്വരൂപ പ്രയാണത്തോടൊപ്പം അച്ചൻ ഐക്യദാർഢ്യം പ്രകടിപ്പിച്ചത് ചെറിയ കാര്യമല്ല.

ഫാത്തിമാ പ്രത്യക്ഷീകരണത്തിന്റെ 100-ാം വാർഷികധന്യവേളയിൽ ആഗോള കത്തോലിക്കാസഭയോടു ചേർന്നു നിന്നുകൊണ്ടുള്ള ആഘോഷങ്ങളുടെ ഭാഗമായാണ് നമ്മുടെ രൂപതയിൽ അച്ചൻ നേതൃത്വം നൽകി നടത്തിയ ഈ തിരുസ്വരൂപപ്രയാണം ഫാത്തിമമാതാവ് നൽകിയ സന്ദേശം ആധുനിക ലോകത്തിൽ കൂടുതൽ പ്രസക്തമാണെന്ന് തിരിച്ചറിവിൽ മാതാവിനോടുള്ള ഭക്തി കൂടുതൽ പ്രോജ്ജ്വലിപ്പിക്കുവാൻ രൂപതയിലാകമാനം പരി. വിമലഗിരി മാതാവിന്റെ തിരുസ്വരൂപപ്രയാണം നടത്താൻ രൂപതയിലെ വൈദിക സെനറ്റും സന്യസ്ത സമൂഹവും അൽമായ സംഘടനകളും ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അത് ഏറ്റെടുത്തു നടത്തുവാനും പിഴവേതുമില്ലാതെ ക്രമീകരണങ്ങൾ നടത്തുവാനും ജസ്റ്റിനച്ചന് നേതൃത്വം നൽകുവാൻ കഴിഞ്ഞു. 12 വർഷത്തിനുശേഷം രണ്ടാമതായി രൂപതയിൽ നടത്തിയ പരി. വിമലഗിരി മാതാവിന്റെ ഈ സ്വരൂപപ്രയാണം അക്ഷരാർത്ഥത്തിൽ ഒരു വിജയഗാഥയായിരുന്നുവല്ലോ. ഇടവക വികാരിമാരെയും സന്യസ്തരെയും ദൈവജനത്തെയും അസാമാന്യമായ കഴിവോടെയാണ് ജസ്റ്റിനച്ചൻ ഏകോപിപ്പിച്ചതും പ്രചോദിപ്പിച്ചതും.




## അമ്മയ്ക്കൊരുമ്മ

നമ്മുടെ രൂപതയുടെ ആത്മീയ ചൈതന്യത്തിന്റെ അടിസ്ഥാനം തന്നെ പരി. വിമലഗിരി മാതാവിനോടുള്ള ഭക്തിയും മാതാവിന്റെ നിരന്തര മാധ്യസ്ഥ്യവുമാണല്ലോ. ഈ തിരുസ്വരൂപപ്രയാണം എല്ലാവർക്കും അനുഗ്രഹീത നിമിഷങ്ങൾ സമ്മാനിച്ചതിന്റെ രേഖപ്പെടുത്തലായി. അമ്മയ്ക്കൊരുമ്മ (A filial Hug to the Holy Mother) എന്ന ഒരു സ്മരണിക പുറപ്പെടുവിക്കുന്ന ഭാരിച്ച ചുമതലയും ജസ്റ്റിനച്ചൻ ഏറ്റെടുത്തു. ഓരോ ഇടവകയിലും നടത്തിയ തിരുസ്വരൂപപ്രയാണത്തിന്റെ വിവരണവും ഫോട്ടോകളും ശേഖരിച്ച് പ്രയാണത്തിന്റെ കാലാനുക്രമമനുസരിച്ച് തന്നെയുള്ള ഒരു സ്മരണിക പുറപ്പെടുപ്പിക്കുന്നത് ഏറെ ശ്രമകരമാണല്ലോ. എന്നാൽ അച്ചന്റെ സ്നേഹപൂർവ്വവും വിവേകപരവുമായുള്ള സമീപനത്താൽ ഈ സംരഭം വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചുവെന്നതാണ് യാഥാർത്ഥ്യം. 'അമ്മയ്ക്കൊരുമ്മ' വികാരി ജനറാളെന്ന നിലയിലുള്ള അച്ചന്റെ ആദ്യ ഉദ്യമത്തിന്റെ മഹത്തായ വിജയത്തിന്റെ അടയാളമായി കരുതാവുന്ന ഒരു ലിഖിത രേഖയാണ്.

അച്ചന്റെ 2017 മുതലുള്ള 7 വർഷക്കാലം രൂപതയെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമർഹിക്കുന്നു. അച്ചന്റെ സമീപനരീതികളും നേതൃത്വപാടവവും പ്രശ്നങ്ങൾ പരിഹരിക്കുവാൻ അദ്ദേഹത്തിനുള്ള പക്വതയാർന്ന പാടവവുമെല്ലാമാണ് ഇപ്പോൾ സഭയും പരി. സിംഹാസനവും അച്ചനെ പൗരോഹിത്യ ശുശ്രൂഷയുടെ പരമോന്നത പദവിയിലേക്കു ഉയർത്തിയിരിക്കുന്നത്. കേരളസഭയുടെ പ്രത്യേകിച്ച് വിജയപുരം രൂപതയുടെ ശോഭനമായ ഭാവി ദൈവാനുഗ്രഹത്താൽ സമ്പന്നമാകുമെന്നതിൽ പ്രത്യാശവയ്ക്കുന്നു. ജസ്റ്റിനച്ചന് മെത്രാഭിഷേക വേളയിൽ ഒരായിരം പ്രാർഥനാശംസകളും ഭാവുകങ്ങളും സ്നേഹാദരവോടെ സമർപ്പിക്കുന്നു.

**അഡ്വ. ഹെൻറി ജോൺ**
വിജയപുരം രൂപതാ പി.ആർ.ഒ.

# ഇടയമൊഴി...

“ എല്ലാവരെയും കേൾക്കുന്ന, എല്ലാവരെയും ചേർത്ത് പിടിക്കുന്ന ഒരാളാണ് അഭിവന്ദ്യ ജസ്റ്റിൻ പിതാവ്. വിജയപുരം രൂപതയ്ക്ക്, ദൈവത്തിന്റെ വലിയ ഒരു അനുഗ്രഹമാണ് പിതാവിലൂടെ ലഭിച്ചിരിക്കുന്നത്



**വെരി. റവ. മോൺ. ഡോൺ കാർലോ**
പ്രാത്തോ രൂപത, ഇറ്റലി.

“ 'കണ്ടുമുട്ടുന്ന സകലരിലും സ്നേഹത്തിന്റെ മായാത്ത മുദ്രപതിപ്പിക്കുന്നതാണ് ജസ്റ്റിൻ പിതാവിനുള്ള സവിശേഷത, സെമിനാരികാലം മുതലേ ഞങ്ങൾ ശ്രദ്ധിച്ചിട്ടുള്ളതാണ്.



**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി രൂപത

“ 'ഇടയന്റെ എല്ലാ ഗുണങ്ങളും നിറഞ്ഞു നിൽക്കുന്ന ഒരു സാധാരണക്കാരനായ വ്യക്തിയാണ്. അതുകൊണ്ട് സാധാരണക്കാരിലേക്ക് ഇറങ്ങി ചെല്ലാനും അവർക്കു വേണ്ടുന്നതെല്ലാം ചെയ്തു കൊടുക്കാനും അക്ഷീണം പരിശ്രമിക്കാനും കഴിവുള്ള ഒരു വ്യക്തിത്വമാണ്



**മാർ മാത്യു അറയ്ക്കൽ**
കാഞ്ഞിരപ്പള്ളി രൂപത

“ വളരെ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ഒരു രൂപതയുടെ സജീവമായ വളർച്ചയിലേക്ക്, ആത്മീയ മുന്നേറ്റത്തിന് അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിനോടൊപ്പം ശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്ന ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിന് എല്ലാവിധ സഹകരണവും പ്രത്യേകം വാഗ്ദാനം ചെയ്യുന്നു.





**മേജർ ആർച്ച് ബിഷപ്പ് ക്ലീമിസ്**
സീറോ മലങ്കര സഭ

“ വികാരി ജനറാളായി ചെയ്ത ശുശ്രൂഷകൾ നോക്കുമ്പോൾ, വളരെ പ്രതീക്ഷയാണ് അദ്ദേഹത്തെക്കുറിച്ച് എനിക്കുള്ളത്. അഭിവന്ദ്യ പിതാവിന് എല്ലാവിധ മംഗളങ്ങളും ഞാൻ നേരുന്നു.



**റൈറ്റ്. റവ. ഡോ.സൂസപാക്യം**
ബിഷപ്പ് എമരിത്തൂസ്
തിരുവനന്തപുരം അതിരൂപത

“ സ്നേഹത്തോടെ പെരുമാറുന്ന മനുഷ്യസ്നേഹിയാണ്. ജീവിതത്തിലെ പച്ചയായ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയിട്ടുള്ള ഒരു മനുഷ്യനാണ്. അതുകൊണ്ടുതന്നെ അദ്ദേഹം കാരുണ്യത്തിന്റെ ഒരു കാവൽ മാലാഖ ആയിരിക്കും.



**റൈറ്റ്. റവ ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപത.

“ വളരെ സ്നേഹവും സൗഹാർദവും എല്ലാവരോടും കാത്തു പുലർത്തുന്ന ഒരു വ്യക്തിത്വമാണ്. വളരെ സജീവമായിട്ട് കാര്യങ്ങളിൽ പങ്കെടുക്കുകയും തനതായിട്ടുള്ള അഭിപ്രായം സൗഹാർദപൂർവം പൊതു നന്മയ്ക്കു വേണ്ടി പറയുകയും ചെയ്യുന്ന വ്യക്തിയാണ്.



**റൈറ്റ്. റവ ഡോ. ക്രിസ്തുദാസ്**
സഹായ മെത്രാൻ,
തിരുവനന്തപുരം അതിരൂപത.

# സ്ഥാനിക ചിഹ്നത്തിന്റെ വിവരണം

ദൈവാലയത്തിന്റെ കവാടം ഇടയന്റെ ആലയിലേയ്ക്കുള്ള വാതിലിനെ പ്രതിനിധീകരിക്കുന്നു. 'ഞാനാണ് ആടുകളുടെ വാതിൽ '(യോഹന്നാൻ 10:7) എന്നരുൾചെയ്ത നല്ല ഇടയനിലേക്കാണ് രൂപത ഒന്നാകെ യാത്ര ചെയ്യുന്നത്.

സ്ഥാനിക ചിഹ്നത്തിന്റെ ഏറ്റവും പുറമേയുള്ള തൊപ്പിയും ചരടും സൂചിപ്പിക്കുന്നത് ദൈവത്തിന്റെ പരിപാലനയെയാണ്. ദൈവപരിപാലനയിലാണ് രൂപതയും ഇടയശുശ്രൂഷയും മുന്നോട്ടു പോകുന്നത്.



എല്ലാത്തിന്റെയും കേന്ദ്രമായി ഉദിച്ചു നിൽക്കുന്ന സൂര്യൻ ദിവ്യകാരുണ്യത്തിന്റെ സൂചനയാണ്. ഇടയശുശ്രൂഷയുടെയും ദൈവജനത്തിന്റെ കൂട്ടായ്മയുടെയും ഉത്ഭവും ലക്ഷ്യവും ദിവ്യകാരുണ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു.

മലകളും വയലും കടലും വിജയപുരം രൂപതയുടെ ഭൂപ്രകൃതിയിലെ വൈവിധ്യത്തിന്റെ സൂചനയാണ്. മലനാടിന്റെയും ഇടനാടിന്റെയും തീരപ്രദേശത്തിന്റെയും സാംസ്കാരിക പശ്ചാത്തലമുള്ള ദൈവജനം വിജയപുരം രൂപതയുടെ പ്രത്യേകതയാണ്.

പരിശുദ്ധ അമ്മയുടെ മുഖം മെത്രാന്റെ മുഖത്തിന് മുൻപിലായി ചിത്രീകരിച്ചിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് മെത്രാൻ തന്റെ അജപാലന ശുശ്രൂഷ വഴി പരിശുദ്ധ അമ്മയുടെ സ്നേഹം ദൈവജനത്തിനു പകരണമെന്നാണ്. ഇവിടെ മെത്രാൻ ഒരു നിഴലാണ്. പരിശുദ്ധ അമ്മയിലൂടെ ദൈവജനത്തെ യേശുവിലേക്കു അടുപ്പിക്കുകയെന്നതാണ് മെത്രാന്റെ ദൗത്യം.

Ut alteri in AMORE occurram
അപരനെ സ്നേഹത്തിൽ കണ്ടുമുട്ടുക
(ആപ്തവാക്യം)



രൂപകല്പന ചെയ്തത്:
**വെരി. റവ. മോൺ. ജോയി പുത്തൻവീട്ടിൽ**
ആലപ്പുഴ വികാരി ജനറാൾ

തയ്യാറാക്കിയത്
**റവ. ഫാ. അജിത്ത് കണിയാന്തറ**









# വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അഭി. പിതാവും

# പ്രളയകാലത്ത്







വിജയപുരം രൂപതയുടെ ഭരണസാരഥ്യത്തിലേക്ക് സഹായമെത്രാനായി സ്ഥാനമേറ്റ് റൈറ്റ് റവ.ഡോ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിൽ പിതാവിന് വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രർഥനാശംസകൾ.

സൊസൈറ്റിയുടെ പ്രസിഡന്റ് എന്ന നിലയിൽ ദീപ്തമായ ഓർമ്മകളാണ് പ്രവർത്തകർക്ക് പങ്കുവെയ്ക്കാനുള്ളത്. കേരള ജനത നേരിട്ട സമാനതകളില്ലാത്ത രണ്ട് ദേശീയ ദുരന്തങ്ങളുടെ നടുവിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ നിർദ്ദേശാനുസരണം സൊസൈറ്റിയുടെ പ്രവർത്തനയന്ത്രത്തെയും രൂപതയുടെ വിവിധ സംഘടനാസംവിധാനത്തെയും മനുഷ്യവിഭവശേഷിയെയും കൂട്ടിച്ചേർത്തുകൊണ്ട് ക്രിയാത്മകമായി ചലിപ്പിക്കാൻ അദ്ദേഹത്തിനായി.

പ്രതിരോധത്തിനും പുനരധിവാസത്തിനും രക്ഷാപ്രവർത്തിനുമൊന്നും മുൻമാതൃകകളില്ലാതിരുന്ന ദുരന്തമുഖങ്ങളിൽ ആഭ്യന്തര ആരോഗ്യവകുപ്പുകളുടെ നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി പരിമിതമായ യാത്രാസൗകര്യങ്ങൾക്കിടയിലും സർക്കാർ സർക്കാരിതര ഏജൻസികൾ വിവിധ രൂപതകൾ എന്നിവയിൽ നിന്ന് സമാഹരിച്ച അവശ്യവസ്തുക്കളും ഔഷധങ്ങളും ജനങ്ങൾക്ക് എത്തിച്ചു നല്കുന്നതിൽ അദ്ദേഹത്തിന്റെ കർമ്മകുശലതയും ആർജവവും പ്രകടമായിരുന്നു രൂപതയുടെ കിഴക്കന്മേഖലയിലുണ്ടായ (പെട്ടിമുടി, രാജമല ഏന്തയാർ) ഉരുൾപൊട്ടൽ ദുരന്തമേഖലയിൽ ആദ്യമെത്തിയവരിൽ അദ്ദേഹവുമുണ്ടായിരുന്നു.

ഇടുക്കിയിൽ വികാരിയായിരിക്കെ വ്യവസായവകുപ്പിന്റെ സഹകരണത്തോടെ നിലവിലുണ്ടായിരുന്ന മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റിന്റെ പ്രവർത്തനവിപുലീകരണത്തിനും ആരോഗ്യവകുപ്പിന്റെ അനുമതിയോടെ ഒരു ആശുപത്രിയുടെ നിർമ്മാണത്തിനും അദ്ദേഹം പങ്കുവഹിച്ചു. മൂന്നാർ മിസ്റ്റിന്റെ രജിസ്ട്രേഷൻ അദ്ദേഹത്തിന്റെ കൂടെ ശ്രമഫലമായിരുന്നു.

പങ്കാളിത്താധിഷ്ഠിതമായി പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്താൻ സൊസൈറ്റി ആവിഷ്ക്കരിച്ച ത്രിതലഭരണ സംവിധാനത്തെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന സമ്മേളനങ്ങളിലെല്ലാം, പ്രത്യേകിച്ച് നിർവാഹകസമിതിപോലുള്ളവയിലെ മുഴുസാന്നിദ്ധ്യം അദ്ദേഹത്തിന് സൊസൈറ്റിയോടുള്ള സ്നേഹത്തിനും പ്രതിബദ്ധതയ്ക്കും ഉദാഹരണമാണ്.

**റവ.ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ**
ഡയറക്ടർ വി.എസ്.എസ്.എസ്.

**അഭിമുഖം**

# ജസ്റ്റിൻ പിതാവിന്റെ അജപാലന ദർശനങ്ങൾ

വിജയപുരം രൂപതയുടെ സഹായ മെത്രാനായി പീരുമേട് പാമ്പനാർ തിരുഹൃദയ ഇടവകാംഗം മോൺ ഡോ. ജസ്റ്റിൻ മഠത്തിൽ പറമ്പിൽ ഫെബ്രുവരി 12ന് വിമലഗിരി കത്തീഡ്രലിൽ അഭിഷിക്തനായി. പാമ്പനാർ തിരുഹൃദയ ദൈവാലയത്തിൽ ദീർഘനാളായി കപ്യാരായ അലക്സാണ്ടറുടെ ഏക മകനായ മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ കഴിഞ്ഞ ഏഴു വർഷം വിജയപുരം രൂപതയുടെ വികാരി ജനറാളായി ശുശ്രൂഷ ചെയ്തശേഷമാണ് രൂപതയുടെ പ്രഥമ സഹായമെത്രാനായി അഭിഷിക്തനായത്. മെത്രാഭിഷേകവുമായി ബന്ധപ്പെട്ട് വിവിധ മാധ്യമങ്ങളിൽ ജസ്റ്റിൻ പിതാവിന്റെ അഭിമുഖങ്ങൾ വന്നിരുന്നു. ഒപ്പം രൂപതയുടെ മീഡിയ കമ്മീഷനും പിതാവിനെ ഇന്റർവ്യൂ ചെയ്തിരുന്നു. അഭിമുഖങ്ങളിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ ഇവിടെ വായിക്കാം.

**വിജയപുരം രൂപതയുടെ സഹായ മെത്രാനായി നിയമിതനായി എന്നറിഞ്ഞപ്പോൾ അങ്ങയുടെ മനസ്സിലേക്ക് വന്ന ആദ്യചിന്ത എന്തായിരുന്നു ?**

പരിശുദ്ധ ഫ്രാൻസിസ് പാപ്പയാൽ വിജയം രൂപതയുടെ സഹായ മെത്രാനായി ഞാൻ നിയമിതനായ വിവരം അറിഞ്ഞതിനു ശേഷമുള്ള രണ്ടു ദിവസങ്ങൾ ഉറക്കം നഷ്ടപ്പെട്ട നാളുകളായിരുന്നു. വലിയൊരു ഉത്തരവാദിത്വം വിശുദ്ധിയോടും വിവേകത്തോടും ദൈവത്തിൽ ആശ്രയിച്ചു ജീവിക്കേണ്ട ഒരു ശുശ്രൂഷയുടെ വിളിയാണ് ഭരമേല്പിച്ചിരിക്കുന്നത് എന്ന് ഞാൻ തിരിച്ചറിഞ്ഞു. ദൈവത്തിൽ ആശ്രയിച്ച്, ദൈവത്തിൽ മാത്രം ആശ്രയിച്ച് മുന്നേറുവാൻ പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേപ്പിതാവിന്റെയും മധ്യസ്ഥ്യം യാചിച്ചു. വിജയപുരം രൂപതയിലെ എല്ലാ ജനങ്ങളുടെയും സന്യസ്തരുടെയും വൈദികരുടെയും ഏറെ പ്രധാനമായി അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ പിതാവിന്റെയും പ്രാർഥനകളും ബലവും കരുത്തുമൊക്കെ എന്നോടു കൂടി ഉണ്ടാകും എന്ന് കരുതിക്കൊണ്ടും വിശ്വസിച്ചുകൊണ്ടും ആ ഉത്തരവാദിത്വ ഏറ്റെടുക്കാനുള്ള സമ്മതം ഞാനറിയിക്കുകയായിരുന്നു.



**നന്ദിയോടു കൂടെ ആദ്യം ഓർക്കാൻ അങ്ങ് ആഗ്രഹിക്കുന്നത് ആരെയാണ്?**

ദൈവത്തോടല്ലാതെ ആരോടാണ് നന്ദി പറയുക? ജീവന്റെ തുടിപ്പ് മാതാപിതാക്കൾ അറിയുന്നതിന് മുമ്പേ തന്നെ ദൈവമറിഞ്ഞു നാളിതുവരെയും പ്രതിസന്ധികളിലും വേദനകളിലും സന്തോഷങ്ങളിലും കൊടുങ്കാറ്റിലെ നിമിഷങ്ങളിൽ പോലും എന്നെ നയിച്ചതും സംരക്ഷിച്ചതും എന്റെ ദൈവം മാത്രമാണ്. ആ ദൈവത്തോട് മാത്രമാണ് ആദ്യം നന്ദി പറയുക.

**വീട്ടിലെ ഏക മകനായിരുന്നിട്ടും ദൈവവിളി സ്വീകരിക്കാൻ അങ്ങ് തീരുമാനിക്കുകയായിരുന്നു. ഇതാണ് എന്റെ വഴിയെന്നുറപ്പിച്ചത് എങ്ങനെയായിരുന്നു? ഈ കാലഘട്ടത്തിലെ ദൈവവിളിയെപ്പറ്റി അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?**

ദൈവാലയത്തോടു ചേർന്നു നിൽക്കുന്നതാണ് പലപ്പോഴും ദൈവവിളികളെ കൂടുതലായിട്ടു പ്രോത്സാഹിപ്പിക്കുന്നത് എന്നു ഞാൻ മനസ്സിലാക്കുകയാണ്. എന്റെ വീടു ദൈവാലയത്തിന്റെ

ഏറ്റവും അടുത്തുള്ള വീടാണ്. അതുകൊണ്ടു തന്നെ എല്ലാ വൈദികരോടും സന്യസ്തരോടുമുള്ള ഒരു വലിയൊരു ബന്ധം എന്റെ മാതാപിതാക്കൾക്കും ഒപ്പം എനിക്കും നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ അമ്മ ഒരു അനാഥയായിരുന്നു. അമ്മ വളർന്നതും പഠിച്ചതുമെല്ലാം സി.എസ്.എസ്.ടി. സന്യാസ സമൂഹത്തിന്റെ മുണ്ടക്കയത്തുള്ള മൈക്കോളജിയിൽ ആണ്. കുട്ടിക്കാനത്തെ വികാരിയായിരുന്ന സായ്പ്പച്ചൻ (ഫാ. ഫെലിച്ചീസി മൂസ്) താമസിച്ചിരുന്നതുമുണ്ടക്കയത്താണ്. ഈ അച്ചനും ഫാ. ജോസഫ് ജോൺ അച്ചനും ചേർന്നാണ് എന്റെ പിതാവിന്റെ അച്ഛനോട് വിവാഹക്കാര്യം പറഞ്ഞതും കർഷകനായിരുന്ന പിതാവിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചതും. അങ്ങനെ സന്യസ്തരുമായുള്ള ബന്ധങ്ങൾ ഒക്കെ എന്റെ പൗരോഹിത്യ ജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

**ദൈവാലയത്തോടു ചേർന്നു നിൽക്കുന്നതാണ് പലപ്പോഴും ദൈവവിളികളെ കൂടുതലായിട്ടു പ്രോത്സാഹിപ്പിക്കുന്നത് എന്നു ഞാൻ മനസ്സിലാക്കുകയാണ്**

അഞ്ചാം ക്ലാസ് മുതൽ പഠിച്ചതു പാലാ സെന്റ് തോമസിലായിരുന്നു. എല്ലാ ദിവസവും കുർബാനയിൽ പങ്കെടുക്കുമായിരുന്നു. കൂട്ടുകാരനും ഇപ്പോൾ കാർമൽ ഗിരി സെമിനാരിയിൽ പ്രഫസറുമായ ഫാ. സെബാസ്റ്റ്യൻ വില്ലുകുളം, ജ്ഞാനസ്നാനം തന്ന ഫാ. ജസ്റ്റിൻ പീൻഹീറോ എന്നിവരെല്ലാം ഘടകങ്ങളായി. സെമിനാരിയിൽ തിയോളജി പഠന കാലത്താണ് പൂർണമായും ഇതാണു വഴിയെന്ന ബോധ്യം ഉറച്ചത്. പീറ്റർ തുരുത്തിക്കോണം പിതാവിൽ നിന്നാണു വൈദികപട്ടം സ്വീകരിച്ചത്.

ഒരു ആഗോള പ്രതിഭാസം ആണ് ദൈവവിളി എണ്ണത്തിൽ കുറഞ്ഞു കാണുക എന്നുള്ളത്. എന്നാൽ വിജയപുരം രൂപതയെ സംബന്ധിച്ച് വലിയ ഒരു ഇടിവ് പൗരോഹിത്യദൈവവിളിയിൽ കാണുവാൻ സാധിക്കുന്നില്ല. ഏറ്റവും കൂടുതൽ അനുഗ്രഹിക്കപ്പെട്ട ഒരു വർഷമായിരുന്നു 2023. അൾത്താരയോടു ചേർന്നു നിൽക്കുക, സഭയോട് ചേർന്നു നിൽക്കുക, കൂദാശകളോടു ചേർന്നു നിൽക്കുകയാണെങ്കിൽ നമ്മുടെ കുടുംബങ്ങളൊക്കെ കൊച്ചു ദൈവാലയങ്ങൾ ആയി മാറും. അവിടെയാണ് വിശുദ്ധരായ പുരോഹിതരും സന്യസ്തരും വിശുദ്ധ കുടുംബങ്ങളുമൊക്കെ ജനിക്കുക.

**ദൈവവുമായുള്ള ബന്ധത്തെക്കുറിച്ച് അങ്ങേയ്ക്കെന്താണു പറയാനുള്ളത് ?**

യോഹന്നാന്റെ സുവിശേഷം പതിനഞ്ചാം അധ്യായം ഒന്നുമുതലുള്ള തിരുവചനങ്ങളിൽ മുന്തിരിച്ചെടിയും ശാഖകളും എന്നു പറയുന്ന ഉപമ കർത്താവ് നമ്മെ പഠിപ്പിക്കുന്നുണ്ട്. ദൈവത്തിൽ ആയിരിക്കുക, ദൈവം നമ്മളിൽ ആയിരിക്കുക ആ ദൃഢമായ ഒരു ബന്ധമാണ് പൗരോഹിത്യത്തെയും സന്യാസത്തെയും സമർപ്പിത ജീവിതത്തെയും ക്രൈസ്തവ ജീവിതത്തെയും എല്ലാം മുന്നോട്ടു നയിക്കുന്നത്.

**വിപ്ലവകാരി മുതൽ മാനേജ്മെന്റ് ഗുരു വരെ പല രൂപത്തിൽ ക്രിസ്തുവിനെ ബൈബിളിൽ കണ്ടെത്തുന്നവരുണ്ട്. ക്രിസ്തുവിനെ എങ്ങനെ കാണുന്നു?**

അവന് ജനത്തോടു അനുകമ്പ തോന്നി എന്നതു വല്ലാതെ ഇഷ്ടപ്പെട്ട ഭാഗമാണ്. ലത്തീൻ ഭാഷയിൽ കും പതിരെ (To Suffer with, കൂടെ സഹിക്കുന്ന) എന്നു പറയും. അപരന്റെ വേദന സ്വന്തം വേദനയാകുന്ന ഭാവം. അവന്റെ നൊമ്പരം എന്റെ നൊമ്പരമാകുന്ന തലം.

**മിഷൻ പ്രവർത്തനത്തിനിടെ മനസ്സിനെ സ്പർശിച്ച അനുഭവം വിവിരിക്കാമോ?**

സംതൃപ്തി തോന്നിയ നിമിഷം ഗൂഡാർവിളയിലായിരുന്നു. ലയങ്ങൾ പോലെ വീടുകൾ അവരുടെ വീടുകളിൽ പ്രാർഥനയ്ക്കു ചെല്ലുമ്പോൾ അവർ ഏറ്റവും ഭദ്രമായി ഉപയോഗിക്കുന്ന കമ്പിളിപ്പുതപ്പും മറ്റും കസേരയിൽ വിരിച്ചിട്ട് ഇരിക്കാൻ തരുമായിരുന്നു. അവരുടെ പക്കലുള്ള ഏറ്റവും

നല്ലതു തരുന്ന ആ കാഴ്ച കണ്ണു നനച്ചിട്ടുണ്ട്. കഷ്ടപ്പാടെല്ലാം കഴിഞ്ഞ് അവർ പ്രാർഥനയ്ക്കു വരുമായിരുന്നു. അവരുടെ കൂടെ നിന്ന് ഒരു ദൈവാലയം പണിയാൻ സാധിച്ചതു സന്തോഷം തന്ന അനുഭവമാണ്.

**ആരാധനക്രമത്തിൽ ആണല്ലോ പിതാവ് ഡോക്ടറേറ്റ് നേടിയിട്ടുള്ളത്. സഭയുടെ ആരാധനാക്രമത്തെ പറ്റി അങ്ങയുടെ കാഴ്ചപ്പാട് ഞങ്ങളോട് പങ്കുവെക്കാമോ ?**

സഭയുടെ മുഴുവൻ ഫലങ്ങളും ലഭ്യമാകുന്നത്, സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തിയും കേന്ദ്രവുമായി തീരുന്നത് ആരാധനക്രമമാണ്. അതിൽ ഏറ്റവും പ്രധാനമായിട്ട് ദിവ്യകാരുണ്യം തന്നെയാണ് ആ ദിവ്യകാരുണ്യ ഭക്തിയിൽ വളരുവാൻ, കൂദാശകളിൽ ആഴപ്പെടുവാൻ, അർപ്പിക്കുന്ന കൂദാശകൾ ഒക്കെ ഒരുക്കത്തോടുകൂടി ചെയ്യുവാൻ നമുക്ക് കഴിയണം. ഒരുക്കത്തോടും വിശുദ്ധിയോടും കൂടി അർപ്പിക്കപ്പെടുമ്പോൾ സഭ മുഴുവനും വിശുദ്ധീകരിക്കപ്പെടുകയും ദൈവത്തിന് സ്വീകാര്യമായ ഒരു ബലിയായി മാറുകയും ചെയ്യും.

**അൾത്താരയോടു ചേർന്നു നിൽക്കുക, സഭയോട് ചേർന്നു നിൽക്കുക, കൂദാശകളോടു ചേർന്നു നിൽക്കുകയാണെങ്കിൽ നമ്മുടെ കുടുംബങ്ങളൊക്കെ കൊച്ചു ദൈവാലയങ്ങൾ ആയി മാറും. അവിടെയാണ് വിശുദ്ധരായ പുരോഹിതരും സന്യസ്തരും വിശുദ്ധ കുടുംബങ്ങളുമൊക്കെ ജനിക്കുക.**

**തിരുസഭ സിനഡാലിറ്റിയെ കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അഭിവന്ദ്യ പിതാവേ അങ്ങയുടെ ശുശ്രൂഷയിൽ സിനഡാലിറ്റി എന്ന ആശയത്തെ എങ്ങനെയായിരിക്കും പ്രയോഗത്തിൽ കൊണ്ടുവരിക എന്നൊന്നു പങ്കുവെക്കാമോ?**



തനിച്ചു നിൽക്കാൻ അല്ല നമ്മൾ വിളിക്കപ്പെട്ടിരിക്കുക. ഈശോ തന്നെ പ്രാർഥിച്ചത് ഒരു കൂട്ടായ്മയുടെ ജീവിതത്തിലേക്ക് എല്ലാവരും വളരണം എന്നാണ്. സിനിഡാലിറ്റി എന്നതിലൂടെ ഉദ്ദേശിക്കുന്നത് അതു തന്നെയാണ്, ഒരു കൂട്ടായ്മ; ഒരുമിച്ചുള്ള ഒരു മുന്നേറ്റം. തനിച്ചു മുന്നേറാൻ അല്ലല്ലോ ഒരുമിച്ചു മുന്നേറാൻ നമുക്ക് കഴിയണം. രൂപതയിൽ അതിനുള്ള വളരെയധികം സാധ്യതകൾ നമുക്കുണ്ട്. വിവിധങ്ങളായ പ്രസ്ഥാനങ്ങൾ, സംഘടനകൾ മതബോധനം, യുവജനങ്ങളുടെ മതബോധനം ഇങ്ങനെ എല്ലാ തലങ്ങളിലും ഒരുമിച്ചു മുന്നേറാൻ നമുക്ക് കഴിയുമ്പോൾ പരിശുദ്ധ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്ന സിനഡാത്മക സഭയിലേക്ക് നമുക്ക് എത്തിച്ചേരുവാൻ സാധ്യമാകും.

അന്നും ഇന്നും സഭാസമൂഹത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ട്. അത് മനുഷ്യനിർമിതവും സ്വാഭാവികവുമാണ്. പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നയിക്കപ്പെടുന്ന സഭയിൽ മനുഷ്യർ പ്രതിസന്ധികളെ നേരിടുമ്പോഴും ഉത്ഥിതനും രക്ഷകനുമായ ക്രിസ്തു കൂടെയുണ്ടെന്ന വിശ്വാസമാണ് എന്നെ നയിക്കുന്നത്. പ്രശ്നങ്ങൾ ഏറെയുണ്ടാകും. അതൊക്കെ ഒരുമയോടെയും ക്ഷമയോടെയും കേൾക്കാൻ കഴിയണം. ഗാർഹിക സഭയാകുന്ന കുടുംബത്തിൽ അപ്പനും അമ്മയും മക്കളെ കേൾക്കാനും മക്കൾ, മാതാപിതാക്കളെ അനുസരിക്കാനും സാധിക്കണം. മെത്രാനും വൈദികരും സന്യസ്തരും ജനങ്ങളെ കേൾക്കാനും അറിയാനും മനസുകാണിക്കണം.

**രൂപതയുടെ വികാരി ജനറലായി സേവനം ചെയ്തപ്പോൾ രൂപത അഭിമുഖീകരിക്കുന്ന വെല്ലുവിളികളായി തിരിച്ചറിഞ്ഞ കാര്യങ്ങളെ കുറിച്ചൊന്നു പറയാമോ?**

വിജയപുരം രൂപത വലിയ വിസ്തൃതമായ ഭൂപ്രകൃതി ഉള്ള ഒരു രൂപതയാണ്. കേരളത്തിലെ

തന്നെ ഏറ്റവും വലിയ രൂപത എന്ന് വേണമെങ്കിൽ പറയാൻ സാധിക്കും. 5 ജില്ലകളിലായി പരന്നുകിടക്കുന്ന രൂപതയിൽ അജപാലന ശുശ്രൂഷ കൂടുതൽ മുൻതൂക്കം നൽകേണ്ട ഒരു മേഖലയാണ്. ഒത്തിരിയേറെ വെല്ലുവിളികൾ രൂപത നേരിടുന്നുണ്ട്. എങ്കിൽ പോലും യൗവനത്തിൽ എത്തിനിൽക്കുന്ന രൂപത എന്ന വിജയപുരം രൂപതയെ വിശേഷിപ്പിക്കുവാൻ കഴിയും.

ബെനവന്തൂര പിതാവ് മുതൽ സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ പിതാവ് വരെയുള്ള പുണ്യപിതാക്കന്മാർ വളർത്തി വലുതാക്കി യൗവനത്തിൽ എത്തിയിരിക്കുന്ന ഈ വലിയ രൂപതയിൽ ഒത്തിരിയേറെ കാര്യങ്ങൾ ഇനിയും സാധ്യമാകേണ്ടതായിട്ടുണ്ട് എന്ന് തിരിച്ചറിയുന്നു. സ്വന്തമായി ഭൂമിയും ഭവനങ്ങളും ഇല്ലാത്തവർ, വിദ്യാഭ്യാസത്തിൻറെ ഉന്നത മേഖലകളിലേക്ക് ചലിക്കേണ്ട യുവജനങ്ങൾ, രൂപതയിലുള്ള ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങൾ ഇതിനെല്ലാം അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു ഇവിടെയെല്ലാം ഒറ്റക്കെട്ടായി ഫലം കണ്ടെത്തുവാൻ ഒരുമിച്ച് നീങ്ങേണ്ടതായിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു.

### പിതാവിന്റെ മെത്രാൻ ശുശ്രൂഷയിൽ എന്തിനായിരിക്കും മുൻഗണന നൽകുന്നത് ?

അപരനെ സ്നേഹത്തിൽ കണ്ടുമുട്ടുകയെന്ന ആപ്തവാക്യം മനസിലൂന്നി അതനുസരിച്ചായിരിക്കും മുന്നോട്ടുള്ള പ്രവർത്തനങ്ങൾ. രൂപതാധ്യക്ഷനായ സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ പിതാവിന്റെ കാഴ്ചപ്പാടുകളും താത്പര്യങ്ങളുമനുസരിച്ചു മുന്നോട്ടുപോകും. വിജയപുരം രൂപതയുടെ സ്വപ്നസംരംഭമായ കുടിൽ രഹിത പദ്ധതി, വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സഹകരിച്ചാണ് പ്രവർത്തിക്കുന്നത്. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡന്റ് എന്ന നിലയിൽ ഇതിനോടകം 850 പുതിയ വീടുകൾ പൂർത്തിയാക്കാനായി. വീടുകൾ ആവശ്യമുള്ളവരായി ഇനിയും ഏറെപ്പേരുണ്ട്. അതിനായി ശ്രമങ്ങൾ തുടരും.

തമിഴ് വംശജരും വിവിധ പ്രദേശങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരും പിന്നാക്ക വിഭാഗക്കാരും ഉൾപ്പെടുന്നതാണ് വിജയപുരം രൂപത. ടാറ്റ കമ്പനിയുടെ തോട്ടങ്ങളുടെയും സ്ഥാപനങ്ങളുടെയും കീഴിലാണ് രൂപതയിലെ സ്വന്തമായി ഭൂമിയില്ലാത്ത ഒട്ടേറെ സഹോദരങ്ങൾ കഴിയുന്നത്. പരിമിതികളും ദുരിതങ്ങളും ഏറെയുള്ള ലയങ്ങളിലാണ് ഇവരേറെയും കഴിയുന്നത്. തോട്ടം മേഖല ഇപ്പോൾ അടച്ചുപൂട്ടപ്പെട്ട് ജോലിയും വരുമാനവുമില്ലാത്ത സാഹചര്യത്തിലാണ്. അവരുടെ ഉന്നമനത്തിന് പുതിയ പദ്ധതികൾ തയാറാക്കി മുന്നോട്ടു പോകുകയെന്നുള്ളതാണ് രൂപത ലക്ഷ്യം വയ്ക്കുന്നത്.

എല്ലാവരുടെയും ശുശ്രൂഷകൻ ആകാൻ ആയിട്ടുള്ള ഒരു വിളിയാണ് സഹായ മെത്രാൻ എന്ന രീതിയിൽ എനിക്ക് ലഭിച്ചിരിക്കുന്നത് എന്ന് ഈ ദിവസങ്ങളിൽ ഞാൻ തിരിച്ചറിയുന്നു. അഭിവന്ദ്യ പിതാവിനും സഹോദര വൈദികർക്കും സന്യസ്തർക്കും അല്മായ സഹോദരങ്ങൾക്കും യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും എല്ലാം എല്ലാ രീതിയിലും സഹായകനായി, ഒരു ശുശ്രൂഷകനായി തീരാൻ ഞാൻ ആഗ്രഹിക്കുന്നു.

### കുടുംബങ്ങളെയും യുവജനങ്ങളെയും കുറിച്ചുള്ള കാഴ്ചപ്പാട്?

മതബോധരംഗം കുറേക്കൂടി ശക്തവും ബലവത്തുമായിത്തീരണം. കുടുംബങ്ങൾ കേന്ദ്രീകരിച്ചുള്ള അജപാലനം ശക്തിപ്പെടണം. കുടുംബങ്ങളെയും യുവജനങ്ങളെയും അനുധാവനം ചെയ്യുന്ന ഒരു ദൈവീക പ്രേഷിത ശുശ്രൂഷ അനിവാര്യമാണ്. അകന്നും അകറ്റിയും നിർത്താതെ യുവജനങ്ങളുടെ കൂടെ സഭാസംവിധാനം നിലകൊള്ളുമ്പോൾ അവരെ നമുക്ക് നന്മയുടെയും രക്ഷയുടെയും വഴിയിലൂടെ കൊണ്ടുപോകാൻ സാധിക്കും. പുതിയ തലമുറ വിദേശത്തെക്കും പോകുന്നതിനെ അപ്പാടെ എതിർത്തിട്ടു കാര്യമില്ല. ഇവിടത്തെ പരിമിതികളാണ് അവരെ പുതിയ ലോകം കണ്ടെത്താൻ പ്രേരിപ്പിക്കുന്നത്. ആയിരിക്കുന്ന സമൂഹത്തിൽ അവർക്കു കരുത്തും കരുതലും പകരുകയാണ് സഭയുടെ ദൗത്യമെന്ന് വിശ്വസിക്കുന്നു.

### സഭാ വിശ്വാസികളോടുള്ള ഉപദേശം

ഒരുമിച്ചു മുന്നേറാം. ഭാഷയുടെയോ സമ്പത്തിന്റേയോയെ പേരിൽ ഭിന്നിക്കുകയല്ല വേണ്ടത്. ഒരുമിച്ചുള്ള മുന്നേറ്റമാണ് വേണ്ടത്. ഒരുമിച്ചു നിന്നാൽ ഒടിക്കാൻ പ്രയാസമാണ് എന്നറിയുക.

*ഏകോപനം:* **റവ. ഫാ. ഷിന്റോ മറയൂർ**

# അമ്മ വിളക്ക്



അമ്മയുടെ വിശ്വാസ തീക്ഷ്ണതയും പ്രാർഥനാജീവിതവുമാണ് എന്റെ കരുതലും പ്രേരണയും പ്രചോദനവും.

പാമ്പനാറിലെ ബംബീനാ സിസ്റ്റേഴ്സിന്റെ (സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി) സേവനനാലയത്തിൽ ശുശ്രൂഷിയായി അമ്മയോടൊപ്പം ബാല്യത്തിൽ പോകുമായിരുന്നു. അവിടെ സിസ്റ്റർമാരുടെ സ്നേഹവും പരിലാളനയും പ്രോത്സാഹനവും വിശ്വാസ ജീവിതത്തിനു മാധുര്യം പകർന്നിരുന്നു.

ജീവിതത്തിൽ ആത്മീയ ചൈതന്യം പകർന്നത് കുടുംബത്തിലെ പ്രാർഥനാന്തരീക്ഷമാണ്. ഞങ്ങളുടേത് ഇടവക പള്ളിയുടെ ഏറ്റവും അടുത്തുള്ള വീടാണ്. അതുകൊണ്ടു തന്നെ വൈദികരോടും സന്യസ്തരോടും ഏറെ അടുപ്പമുണ്ടായിരുന്നു. ദിവസവും മുടങ്ങാതെ ദൈവാലയത്തിൽ പോകുമായിരുന്നു. ദൈവശുശ്രൂഷയ്ക്കായി എന്നെ സമർപ്പിച്ച അമ്മയുടെ വിയോഗം വേദനയോടെയാണ് എന്നും ഓർമിക്കുന്നത്.

തിരുപ്പട്ട സ്വീകരണത്തിന്റെ പത്താം വർഷം വേളാങ്കണ്ണി ദൈവാലയത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്തു മടങ്ങിയ വേളയിലാണ് അമ്മ തെരേസാമ്മയെ ദൈവം തിരികെ വിളിച്ചത് മടക്കയാത്രയിൽ വാഹനം അപകടത്തിൽപ്പെട്ടു. സീറ്റ് മാറിയിരുന്ന അമ്മ മരിച്ചു. ഡ്രൈവറും അപകട സ്ഥലത്ത് മരിച്ചു.

2006 ജനുവരി 16നു രാത്രിയിലുണ്ടായ ആ ദുരന്തം ഇപ്പോഴും ഓർമയിൽ വിതുമ്പലായുണ്ട്. ഏകമകനെങ്കിലും വൈദികനാകാനുള്ള തീരുമാനത്തോട് വീട്ടിൽ അനുകൂലസാഹചര്യമായിരുന്നു.

*കടപ്പാട്: മലയാള മനോരമ*



അഭി. ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിനെ 13.01 2024-ന് സഹായമെത്രാനായി പ്രഖ്യാപിച്ചപ്പോൾ















# പുതിയ ഇടയൻ ജനങ്ങളിലേക്ക്


തന്റെ വത്സലപിതാവിനെ ആശ്ലേഷിക്കുന്നു


പുതിയ ഉത്തരവാദിത്തത്തിന്റെ അടയാളമായ അംശവടി അഭി. സെബാസ്റ്റ്യൻ പിതാവ് കൈമാറുന്ന നിമിഷം


സുവിശേഷത്തിന്റെ അഭിഷേകം

FEBRUARY 2024
Vol. 17 • Issue 2
*Published on*
1th February 2024

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. **KL/KTM/117/2023-25**
LIC. No. **KL/CR/KTM/WPP-03/2023-25**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180